(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഡി.പി.റ്റി.എ.പി9-1314/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 11/01/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോന്നി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോന്നി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോന്നി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡി.പി.റ്റി.എ.പി9-1314/22 തീയ്യതി: 11/01/2023

## പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-11-2022 | 16-11-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-11-2022 | 16-11-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. അനിൽ കുമാർ റ്റി, ഓഡിറ്റ് ഓഫീസർ

ശ്രീമതി. സൂര്യപ്രഭ പി സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. മഹേഷ് കുമാർ കെ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

കുമാരി. കാവ്യ കൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുലേഖ വി നായർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. ജയപാലൻ ആർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ കുമാർ ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 09-07-2021 |
| ശ്രീ. അജിത്ത് കുമാർ എ ജി | അസിസ്റ്റന്റ് സെക്രട്ടറി | 10-07-2021 | 02-02-2022 |
| ശ്രീമതി. ശ്രീലേഖ പി | അസിസ്റ്റന്റ് സെക്രട്ടറി | 03-02-2022 | 02-03-2022 |
| ശ്രീമതി. ജീജ സുകുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 03-03-2022 | 31-03-2022 |
| ഡോ അർച്ചന എസ് പി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ. അനീഷ് കുമാർ ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 22-11-2021 |
| ശ്രീ. കാർത്തിക് എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 23-11-2021 | 14-01-2022 |
| ശ്രീമതി. ഷിഫാന ഫാസിൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 15-01-2022 | 31-03-2022 |
| ശ്രീമതി. അമ്പിളി സി എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഗീതാ കുമാരി പി | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി. അഞ്ജന മോഹൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ബേനസീർ എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 10-11-2021 |
| ശ്രീമതി. ബിന്ദു വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11-11-2021 | 08-12-2021 |
| ശ്രീമതി. സൂര്യ ബി രാജ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 09-12-2021 | 31-03-2022 |
| ശ്രീ. സുരേഷ് കുമാർ | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ബിനു ഡാർവിൻ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 27-01-2022 |
| ശ്രീ. രമേശ് കുമാർ റ്റി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 28-01-2022 | 31-03-2022 |
| ഡോ ബിന്ദു ആനന്ദ് | വെറ്ററിനറി സർജൻ | 01-04-2021 | 21-01-2022 |
| ഡോ ഷീജ ബീവി | വെറ്ററിനറി സർജൻ | 22-01-2022 | 31-01-2022 |
| ഡോ പ്രവീൺ എസ് | വെറ്ററിനറി സർജൻ | 01-02-2022 | 31-03-2022 |
| ഡോ ഗ്രേസ് മറിയം ജോർജ് | മെഡിക്കൽ ഓഫീസർ, സി.എച്ച്. സി | 01-04-2021 | 16-11-2021 |
| ഡോ ഷിജു | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 17-11-2021 | 31-12-2021 |
| ഡോ അജയ് എബ്രഹാം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-01-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | ഗ്രാന്റ് വിനിയോഗപത്രിക- അപാകതകൾ | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പെൻഷനുകൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ലാന്റ് ഡെവലപ്പ്മെന്റ് പെർമിറ്റുകൾ നൽകുന്നതിനുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-11 |
| 13 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടത്തിനു ഒക്യുപ്പൻസി നൽകി. | 1-12 |
| 14 | വ്യവസായ-ഫാക്ടറി-വ്യാപാര-സംരംഭക-സേവന ലൈസൻസ് നൽകിയതിൽ കുറവ്-വരുമാന നഷ്ടം. | 1-13 |
| 15 | വാടക കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു. | 1-14 |
| 16 | ലേലം നടക്കാതിരുന്നതു കാരണം ഗ്രാമപഞ്ചായത്തിനു വരുമാന നഷ്ടം. | 1-15 |
| 17 | വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ. | 1-16 |
| 18 | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകത മൂലം വസ്തുനികുതിയിനത്തിൽ വരുമാന നഷ്ടം. | 1-17 |
| 19 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയായി 1.19 ലക്ഷം രൂപ ഈടാക്കാൻ അവശേഷിക്കുന്നു. | 1-18 |
| 20 | പൊതുടാപ്പുകളുടെ വെള്ളക്കരം പഞ്ചായത്ത് ഫണ്ട് ചോർത്തുന്നു | 1-19 |
| 21 | വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ – ടെണ്ടർ/ബിഡിംഗ് മുഖേന അല്ലാതെ അക്രഡിറ്റഡ് ഏജൻസിയെ പ്രവൃത്തി ഏൽപ്പിച്ചു | 1-20 |
| 22 | തെരുവ് വിളക്ക് മെയിന്റനൻസ് നടത്തിയ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് 39200 രൂപയുടെ നഷ്ടം | 1-21 |
| 23 | ശ്മശാനത്തിന് സ്ഥലം വാങ്ങൽ - പ്രാരംഭ നടപടിക്രമങ്ങളിൽ തികഞ്ഞ അസ്വാഭാവികത | 1-22 |
| 24 | ആധികാരികമല്ലാത്ത 5.28 ലക്ഷം രൂപയുടെ ചെലവുകൾ | 1-23 |
| 25 | പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡിൽ നിർമ്മാണ പ്രവൃത്തി നടത്തി | 1-24 |
| 26 | എഗ്രിമെന്റ് വ്യവസ്ഥകൾ ലംഘിച്ച കരാറുകാർക്കെതിരെ നടപടിയില്ല | 1-25 |
| 27 | ടേക്ക് എ ബ്രേക്ക്(വഴിയിടം)-നവീകരിച്ച ടോയ്‌ലറ്റുകൾ പൂട്ടിയിട്ട നിലയിൽ | 1-26 |
| 28 | പേരൂർക്കളം ഗവ.എൽ.പി.സ്കൂൾ - സമയബന്ധിത നടപടികൾ അനിവാര്യം | 1-27 |
| 29 | ബംഗ്ലാവ് മുരുപ്പ് കുടിവെള്ള പദ്ധതി– വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് മുൻപേ തുക ഡെപ്പോസിറ്റ് ചെയ്തു | 1-28 |
| 30 | പരേതൻ ക്ഷേമപെൻഷൻ ഒപ്പിട്ട് വാങ്ങിയതായി രേഖ | 1-29 |
| 31 | മരിച്ചവർ ക്ഷേമപെൻഷൻ വാങ്ങുന്നു | 1-30 |
| 32 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി (പ്രോ.നം.18/22) – പണി നടത്താത്ത ഗുണഭോക്താവിൽനിന്നും മുൻകൂർ തുക തിരികെ ഈടാക്കണം | 1-31 |
| 33 | പട്ടികജാതി വിഭാഗം ഫണ്ട് ഫീസിബിൾ അല്ലാത്ത പ്രോജക്ടിന് വകയിരുത്തി ലാപ്സാക്കി | 1-32 |
| 34 | പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ സെക്രട്ടറി വീഴ്ച വരുത്തി | 1-33 |

| | | |
|---|---|---|
| 35 | ഉപയോഗശൂന്യമായ വാഹനങ്ങൾ കണ്ടം ചെയ്ത് ലേലം ചെയ്യണം | 1-34 |
| 36 | അങ്കണവാടിക്കെട്ടിടങ്ങളുടെ അധിക വാടക പഞ്ചായത്ത് നൽകുന്നില്ല | 1-35 |
| 37 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം - അധികം നൽകിയ തുക തിരികെ ലഭിച്ചില്ല | 1-36 |
| 38 | ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തു. ആനുകൂല്യങ്ങൾ നൽകിയില്ല | 1-37 |
| 39 | ലൈഫ് ഭവന പദ്ധതി - ഭൂമി വാങ്ങി നൽകി - ഭവനനിർമ്മാണം ആരംഭിച്ചില്ല | 1-38 |
| 40 | മുൻകൂർ തുക നൽകി - മരുന്നുകൾ ലഭ്യമായില്ല | 1-39 |
| 41 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല | 1-40 |
| 42 | അനന്തമായി നീളുന്ന കൃഷി ഭവൻ കെട്ടിട നിർമ്മാണം | 1-41 |
| 43 | അസിസ്റ്റന്റ് എൻജിനീയറുടെ പ്രോജക്ട് നിർവ്വഹണം- പൊതുവായ അപാകതകൾ | 1-42 |
| 44 | പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ തനത് ഫണ്ടിൽ ശേഷിക്കുന്നു | 1-43 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഗ്രാമ ജ്യോതി തെരുവ് വിളക്ക് മെയിന്റനൻസ് - സുതാര്യമല്ലാത്ത ചെലവ് | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ആഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-7 |
| 8 | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 19.03.2021 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 11.03.2022 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ കാണിക്കുന്ന പത്രിക വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2. ഷെഡ്യൂൾ ബി3 : Reserves:- തൻവർഷം ലഭിച്ച ഗ്രാന്റുകളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനും മറ്റ് മൂലധന നിക്ഷേപങ്ങൾക്കുമായി ചെലവഴിച്ച തുകയെല്ലാം റവന്യൂ ഹെഡിൽ വരവ് വെച്ചിരിക്കുന്നു. ഇവ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റി അക്കൗണ്ട് ചെയ്തിട്ടില്ല.

3. ഷെഡ്യൂൾ B4-ഐ.സി.ഡി.എസ്. നീക്കിയിരിപ്പ് കാണിച്ചിരിക്കുന്ന തുക(251534) കൃത്യമല്ല. യഥാർത്ഥ നീക്കിയിരിപ്പ് 676821 രൂപയാണ്.

4. ഷെഡ്യൂൾ B4- Grant From Suchitwa Mission ഇനത്തിൽ (Code No- 320200322) 3931318 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. അക്കൗണ്ടിൽ മുന്നിരിപ്പ് കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടുന്ന രീതിയിൽ മുൻവർഷങ്ങളിലെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ അക്കൗണ്ടിൽ നിന്നും ക്രമീകരിച്ച തുകയുടേയും നീക്കിയിരിപ്പിന്റെയും കൃത്യത ഉറപ്പാക്കാനായിട്ടില്ല

5. ഷെഡ്യൂൾ B4- Contribution For Joint Venture Projects- Block Panchayat & District Panchayat ഇനങ്ങളിൽ (Code No-320700104, 320700105) പ്രസ്തുത അക്കൗണ്ട് ഹെഡ്ഡുകളിലായി 2235929 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. ഏത് പ്രോജക്ടുകൾക്കായി ലഭിച്ച തുകയാണെന്നോ, ഏതെല്ലാം പ്രോജക്ടുകളുടെ നിർവ്വഹണശേഷം നീക്കിയിരിപ്പുള്ള തുകയാണെന്നോ എന്ന് വ്യക്തമല്ല. ഈ അക്കൗണ്ട് ഹെഡുകളിൽ നിന്നും ക്രമീകരിച്ച തുകകളുടെ കൃത്യത പരിശോധിക്കുന്നതിനും രേഖകളില്ല.

6. ഷെഡ്യൂൾ B4- Benificiary Contribution ഇനത്തിൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്ന തുകയുടെ (217260) കൃത്യത പരിശോധിക്കുന്നതിന് രേഖകൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്തൃ വിഹിതം ഇനത്തിൽ ലഭിച്ച തുകയുടെ വരവ് ചെലവ് കണക്കുകൾ നിർവ്വഹണ ഉദ്യോഗസ്ഥർ ലഭ്യമാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

7. ഷെഡ്യൂൾ B5:-വാർഷിക കണക്ക് പ്രകാരം ഇ.എം.സ്. പദ്ധതിയ്ക്കായി ലോൺ എടുത്ത ഇനത്തിൽ 339125 രൂപ തിരികെ ഒടുക്കുവാൻ ശേഷിക്കുന്നുണ്ട്. എന്നാൽ ഇ.എം.എസ്. പദ്ധതിയ്ക്കായി സർക്കാർ അനുമതി പ്രകാരം ലോൺ എടുത്ത 13900500 രൂപ തിരികെ ഒടുക്കിയിട്ടുള്ളതായി കോന്നി റീജിയണൽ കോപ്പറേറ്റീവ് ബാങ്ക് ലഭ്യമാക്കിയ രേഖകളിൽ നിന്നും വ്യക്തമാകുന്നു. ആയതിനാൽ കണക്കുകൾ കൃത്യമാക്കി അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്.

8. ഷെഡ്യൂൾ B5:- തൻ വർഷം 160000 രൂപ KURDFC ലോൺ ഇനത്തിൽ വരവുണ്ട്. ആയത് കൃത്യമായി അക്കൗണ്ട് ചെയ്യാത്തതിനാൽ 330500201 ഹെഡിൽ ലോൺ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല.

9. ഷെഡ്യൂൾ B7, RP 34:- ഡെപ്പോസിറ്റ് രജിസ്റ്ററിൽ കോൺട്രാക്ടേഴ്സ് /സപ്ളയേഴ്സ് /ബിഡ്ഡേഴ്സ് ഇ.എം.ഡി, കോൺട്രാക്ടേഴ്സ് /സപ്ളയേഴ്സ് /ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ തുടങ്ങിയവയുടെ മുന്നിരിപ്പ് ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഷെഡ്യൂൾ B7 പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

10. ഷെഡ്യൂൾ B-9:-Employees Liability-Pension Contribution Payable – അക്കൗണ്ട് ചെയ്തിരിക്കുന്ന തുക കൃത്യമല്ല.

11. ഷെഡ്യൂൾ B-9:- തൊഴിൽ നികുതി, ലൈസൻസ് ഫീ, വാടക ഇനങ്ങളിൽ അഡ്വാൻസായി പിരിച്ചെടുത്ത തുക രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ഹെഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത പരിശോധനയിൽ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

12. ഷെഡ്യൂൾ ബി11 :- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബി11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിര ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ്‌വെയറിലെ വിവരങ്ങളും കാലികമല്ല.

13. ഷെഡ്യൂൾ ബി11 (എ) :-അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ടുകൾക്ക് തൻവർഷം പാർട്ട് ബിൽ കൊടുത്ത തുക ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി അക്കൗണ്ട് ചെയ്തിട്ടില്ല.

14. ഷെഡ്യൂൾ B-15:- വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

15. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ വാടക കുടിശ്ശിക ഇനത്തിൽ ഈടാക്കുവാൻ അവശേഷിക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

16. ഷെഡ്യൂൾ ബി-16:- Prepaid Programme Expense- അക്കൗണ്ടിംഗ് കൃത്യമല്ല.

17. ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂർ തുക വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

വാട്ടർ അതോറിറ്റി- 7341916

കെ.എസ്.ഇ.ബി- 11282483

18. ഷെഡ്യൂൾ B14:- ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

19. ഷെഡ്യൂൾ I-6:- വികസന ഫണ്ട്(ജനറൽ), വികസന ഫണ്ട്(എസ്.സി.പി.), ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ആകെ ചെലവ് അക്കൗണ്ട് ചെയ്തിരിക്കുന്നത് കൃത്യമല്ല.

20. ഷെഡ്യൂൾ I-6: ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം സംയുക്ത പദ്ധതികൾക്കായി ചെലവഴിച്ചത് കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

21. ഷെഡ്യൂൾ I-6: ഐ.സി.ഡി.എസ്.- സെൻട്രൽ ഷെയർ ചെലവ് അക്കൗണ്ട് ചെയ്തത് കൃത്യമല്ല.

22. പ്രോജക്ട് പ്രകാരം ശബരിമല ഫണ്ടിൽ നിന്നും ചെലവഴിച്ച തുക(830171) അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻഡിച്ചർ ആയി അക്കൗണ്ട് ചെയ്തിരിക്കുന്നത്.

23. ഇ-പേയ്മെന്റ് അക്കൗണ്ട്(State Bank Of India) റീക്കൺസിലിയേഷൻ കൃത്യമല്ല.

Cheque Issued But Not Presentedആയി 79731 രൂപയുടെ ചെക്കുകൾ കാണിച്ചിട്ടുണ്ട്. ഇതിൽ 60000-506478/27.10.21, 6750-506477/23.10.21 എന്നീ ചെക്കുകൾ 29/10/21-ൽ തന്നെ ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

24. ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ(-12000810/) ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല

25. കൃഷി ഭവൻ നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രോജക്ട് ചെലവ് സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

26. ജി.ഒ പ്രോജക്ടുകളുടെ ചെലവുകൾ സുലേഖ സോഫ്റ്റ്‌വെയറിൽ അക്കൗണ്ട് ചെയ്തിരിക്കുന്നത് കൃത്യമല്ല.

അപാകതകൾ തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

NREGS - ലഭ്യമാക്കിയ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 43679107 |
| വരവ് | 102100245 |
| ആകെ | 145779352 |
| ചെലവ് | 96945188 |
| നീക്കിയിരിപ്പ് | 48834164 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | (അലോട്ട്മെന്റ് ലഭിച്ചത്) | | | |
| വികസന ഫണ്ട്-ജനറൽ | 0 | 20335352 | 20335352 | 16121203 | 4214149 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 8728234 | 8728234 | 6220958 | 2507276 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 10166100 | 10166100 | 4734431 | 5431669 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 0 | 5891000 | 5891000 | 5743179 | 147821 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 37104642 | 37104642 | 9002147 | 28102495 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | 0 | 8035848 | 8035848 | 1616684 | 6419164 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | | |
| ശുചിത്വമിഷൻ ഗ്രാന്റ് | 5529318 | 180000 | 5709318 | 1778000 | 3931318 |
| ലൈഫ് (സ്റ്റേറ്റ് ഷെയർ) | | 1760000 | 1760000 | 1720000 | 40000 |
| **കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 0 | 41479343 | 41479343 | 41446509 | 32834 |
| ഐ.സി.ഡി.എസ്. | 943294 | 951576 | 1894870 | 1218408 | 676462 |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രിക- അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗപത്രികകൾ തയ്യാറാക്കിയതിൽ ചുവടെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച ഗ്രാന്റിൽ വിവിധ ഇനങ്ങളിൽ സർക്കാർ സോഴ്സ് ഡിഡക്ഷൻ നടത്തിയതിന് ശേഷം കിട്ടിയ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി കാണിച്ചിട്ടുള്ളത്. ടി തുകകൾ കൂടി ഉൾപ്പെടുത്തിയാവണമായിരുന്നു ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവ് കാണിക്കേണ്ടിയിരുന്നത്.

| ക്രമ നം | വിഭാഗം | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 20335352 | 18161564 | 2173788 | അംഗനവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ 1620600 രൂപ ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ 553188 എന്നിവ സോഴ്സ് ഡിഡക്ഷൻ നടത്തിയത് വരവിൽ ഉൾപ്പെടുത്തിയില്ല. |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 8728234 | 7826521 | 901713 | 1) ജി.ഒ(ആർ.റ്റി) 2617/22 /ഫിൻ തീ. 31/03/22 ഉത്തരവ് പ്രകാരം |

| | | | | |
|---|---|---|---|---|
| | | | | അനുവദിച്ച 604234 വരവ് എടുത്തിട്ടില്ല.<br>2)ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ 297479 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയത് വരവിൽ ഉൾപ്പെടുത്തിയില്ല. |

2) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് യഥാർത്ഥ ചെലവുമായി പൊരുത്തപ്പെടുന്നില്ല

| ക്രമ നം | വിഭാഗം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | യഥാർത്ഥ ചെലവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| 1 | വികസന ഫണ്ട്-ജനറൽ | 15862481 | 16121203 | **258772** | ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ 553188 രൂപയാണ് സോഴ്സ് ഡിഡക്ഷൻ നടത്തിയത് സുലേഖ പ്രകാരമുള്ള ചെലവ് സ്റ്റേറ്റ്മെന്റിൽ ജി.ഒ പ്രോജക്ടുകളുടെ ചെലവ് രേഖപ്പെടുത്തിയത് കൃത്യമായിരുന്നില്ല. ഇതുമൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും കൃത്യമല്ല. |
| 2 | വികസന ഫണ്ട്-എസ്.സി.പി. | 6048146 | 6220958 | 172812 | ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ 297479 രൂപയാണ് സോഴ്സ് ഡിഡക്ഷൻ നടത്തിയത് സുലേഖ പ്രകാരമുള്ള ചെലവ് സ്റ്റേറ്റ്മെന്റിൽ ജി.ഒ പ്രോജക്ടുകളുടെ ചെലവ് രേഖപ്പെടുത്തിയത് കൃത്യമായിരുന്നില്ല. ഇതുമൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും കൃത്യമല്ല. |

3. സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത പദ്ധതികളിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 306 | 183653245 | 146 | 64743055 | 160 | 35 |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഉണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 40158173 | 40158173 | 40158173 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1321170 | 1321170 | 1288336 | 32834 |
| ആകെ | 0 | 41479343 | 41479343 | 41446509 | 32834 |

## 1-7 ക്ഷേമ പെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4419100 |
| വിധവാപെൻഷൻ | 16779700 |
| വാർദ്ധക്യകാല പെൻഷൻ | 51119900 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 6369700 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 427200 |
| തൊഴിൽരഹിത വേതനം | 33840 |

## 1-8 ക്യാഷ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 14-11-2022, 3.15 P..M.-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 68175(അറുപത്തി എണ്ണായിരത്തി ഒരുന്നൂറ്റി എഴുപത്തി അഞ്ച്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ച നൽകിയിട്ടുണ്ട്.

- ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
- സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും (പരാതികക്ഷികൾ, എതിർ കക്ഷികൾ, കേസിന്റെ സംക്ഷിപ്തം, ഹാജരാകുന്ന വക്കീൽ, കേസിന്റെ പുരോഗതി/നിലവിലെ അവസ്ഥ) എന്നിവ ചേർത്ത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.
- ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുകയും, ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.
- തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. ഇലക്ട്രിക്കൽ സാധനങ്ങൾക്ക് സ്റ്റോക്ക്-ഇൻ-രജിസ്റ്ററും (അൺസർവ്വീസബിൾ മെറ്റീരിയത്സിന്), സ്റ്റോക്ക് ഔട്ട് രജിസ്റ്ററും സൂക്ഷിക്കേണ്ടതും, ഇവ തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുമാണ്.
- സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- പുതുതായി നമ്പർ അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
- ക്രമവൽക്കരണത്തിന് കെ.പി.ബി.ആർ.2019 ചട്ടത്തിലെ അനുബന്ധം ജി2 മാതൃകയിലുള്ള രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്ന അവസരത്തിൽ പ്രത്യേക രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- ട്രേഡേഴ്സ് ലിസ്റ്റ് സമഗ്രമായി പരിഷ്കരിക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതും, മുൻ വർഷം ലൈസൻസ് നൽകിയ എല്ലാ സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
- ക്ഷേമപെൻഷൻ അനുവദിച്ചത്/നിരസിച്ചത് സംബന്ധിച്ച അറിയിപ്പ് കമ്മിറ്റി തീരുമാനം എടുത്ത് 2 ദിവസത്തിനകം നൽകേണ്ടതാണ്.

- പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതും, പുതുതായി അനുവദിക്കുന്ന അപേക്ഷകൾ ഗ്രാമസഭയിൽ അംഗീകരിക്കേണ്ടതുമാണ്.
- മരണപ്പെടുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും യഥാസമയം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതാണ്.
- ഷോപ്പിംഗ് കോംപ്ലക്സ് വാടക അതാത് മാസംതന്നെ ഒടുക്കുവരുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും കുടിശ്ശിക വരുത്തുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ കുടിശ്ശിക വരുത്തിയ മാസം തന്നെ സ്വീകരിക്കേണ്ടതുമാണ്.
- വിവരാവകാശ നിയമപ്രകാരം പരിപാലിക്കപ്പെടുന്ന രജിസ്റ്റർ Circular No.427990/Cdn5/2016/GAD, Dtd. 20.05.2016 പ്രകാരമായിരിക്കേണ്ടതാണ്.
- സേവനാവകാശ നിയമ രജിസ്റ്റർ 27.10.2012-ലെ ജ.ഒ.(പി)56/2012/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിലെ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- പരാതി രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതും, എല്ലാ വിവരങ്ങളും യഥാവിധി പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപേക്ഷകന് യഥാസമയം മറുപടി നൽകേണ്ടതുമാണ്.
- ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ആഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.
- ആഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ അവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.3.2014 മുതൽ 21.3.2014 വരെ | 2008-09 മുതൽ 2012-13 വരെ | വിവരം ലഭ്യമാക്കിയില്ല. |
| പെർഫോമൻസ് ഓഡിറ്റ് | 22.06.2022 മുതൽ 23.06.2022 | 01/2022 മുതൽ 03/2022 | 07.07.2022 |

## 1-11 ലാന്റ് ഡെവലപ്മെന്റ് പെർമിറ്റുകൾ നൽകുന്നതിനുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

2021-22 ലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിരവധി ലാന്റ് ഡെവലപ്പ്മെന്റ് പെർമിറ്റുകൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ നൽകിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽ വന്നു.

**മണ്ണെടുത്തു പുറത്തേക്കു കൊണ്ടുപോകുന്നതിനു ലാന്റ് ഡെവലപ്മെന്റ് പെർമിറ്റുകൾ തെറ്റായ വിധത്തിൽ അനുവദിക്കുന്നു.**

KPBR 2019 റൂൾ 4,5,20 നുള്ള സ്പഷ്ടീകരണമായി പ്ലോട്ട് സബ് ഡിവിഷനു മാത്രമാണ് ലാന്റ് ഡെവലപ്പ്മെന്റ് പെർമിറ്റ് നൽകേണ്ടതുള്ളൂ എന്ന് ചീഫ് ടൗൺ പ്ലാനറുടെ 31-08-2021 ലെ TCPCTP/2164/2020-E3(1) എന്ന കത്തിലൂടെ അറിയിച്ചിട്ടുണ്ട്. ഒരു കെട്ടിട നിർമ്മാണത്തിനായി മണ്ണ് ആ പുരയിടത്തിനു പുറത്തേക്കു മാറ്റുകയാണെങ്കിൽ ബിൽഡിംഗ് പെർമിറ്റ് പ്രകാരമുള്ള നിർമ്മാണത്തിനു എത്ര അളവ് മണ്ണ് മാറ്റണം എന്ന വിവരം കൂടി ഉൾപ്പെടുത്തി ബിൽഡിംഗ് പെർമിറ്റ് നൽകിയാൽ മതി.

സ.ഉ (സാധാ) നം.1795/2021/ത.സ്വ.ഭ.വ തീയതി 18.09.2021 ലെ ഉത്തരവു പ്രകാരം മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും മിനറൽ ട്രാൻസിറ്റ് പാസ്സ് ആവശ്യമുള്ള സംഗതികളിൽ ബിൽഡിംഗ് പ്ലാനിനോടൊപ്പം കെട്ടിട നിർമ്മാണത്തിനു നിരപ്പാക്കേണ്ട ഭൂമിയും എടുക്കുന്ന മണ്ണിന്റെ അളവും രേഖപ്പെടുത്തിയ പ്ലാൻ അധികമായി സമർപ്പിച്ചാൽ മതി. സാങ്കേതിക പരിശോധന നടത്തുന്ന ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം ഇവ പരിശോധിച്ച് നിരപ്പാക്കേണ്ട സ്ഥലം Demarcate ചെയ്യേണ്ടതുമാണ്. പ്ലാൻ അംഗീകരിച്ചാൽ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച് 3 ദിവസത്തിനകം ബിൽഡിംഗ് പെർമിറ്റിന്റേയും ബിൽഡിംഗ് പ്ലാനിന്റേയും ഒരു പകർപ്പ് ജില്ലാ ജിയോളജിസ്റ്റിന് ഇ-മെയിൽ മുഖേന അയച്ചു നൽകുകയും ആയതിന്റെ പ്രിന്റ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടില്ല എന്നു കണ്ടു.

മിനറൽ ട്രാൻസിറ്റ് പാസ്സ് അനുവദിക്കുന്ന പ്ലാനുകളിൽ 2019 KPBR ചട്ടം 19 E പ്രകാരമുള്ള പ്ലിന്ത് ലെവൽ പരിശോധന നടത്തിയതായി ഫയലിൽ രേഖപ്പെടുത്തുന്നില്ല.

ചട്ടം 10 (7) പ്രകാരം Demarcate ചെയ്ത സ്ഥലത്തുനിന്നും അനുവദിച്ച പ്ലാൻ പ്രകാരമുള്ള മണ്ണെടുത്തു മാറ്റിയിട്ടുണ്ടോ അതിൽ കൂടുതൽ മണ്ണ് മാറ്റിയിട്ടുണ്ടോ എന്ന് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ പരിശോധന നടത്തിയിട്ടില്ല.

താഴെ പറയുന്ന മൂന്ന പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിനു പകരം മിനറൽ ട്രാൻസിറ്റ് പാസ്സ് അനുവദിക്കുന്നതിനായി ഡെവലപ്പ്മെന്റ് പെർമിറ്റ് നൽകിയതായി കണ്ടു.വലിയ അളവിൽ മണ്ണ് എടുത്തു മാറ്റുന്നതിനായിരുന്നു പെർമിറ്റ് നൽകിയിരുന്നത്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്, വിലാസം, പെർമിറ്റ് നം | സർവ്വെ നമ്പർ- ഏരിയ | എടുക്കുന്ന മണ്ണിന്റെ അളവ് (M3) |
|---|---|---|---|
| 1 | ജിജോ പി സാം,പള്ളി കിഴക്കേതിൽ, കോന്നി താഴം, അട്ടച്ചാക്കൽ P.O. A1-BA(225460)/2021;04.10.2021 | S-614/13-3-1-1 4.73 ആർ' | 1376.74 |
| 2 | എബിസൺ തോമസ്,കണ്ടത്തിൽ,കോന്നി താഴം,ചെങ്ങറ P.O A1-BA(225468)/2021;04.10.2021 | S-614/13-3-1-3 6.29 ആർ' | 1496 |
| 3 | ജോൺസൺ തോമസ്,കണ്ടത്തിൽ,കോന്നി താഴം,ചെങ്ങറ P.O A1-BA(225492)/2021;04.10.2021 | S-614/13-3-1-2 6.29 ആർ' | 1496 |
| | ആകെ | | 4368 |

ഫയലുകൾ പരിശോധിച്ചതിൽ നിന്നും അടുത്തു കിടക്കുന്ന 3 പ്ലോട്ടുകളിൽ വീട് നിർമ്മിക്കുന്നതിനാണ് ലാന്റ് ഡെവലപ്പ്മെന്റ് പെർമിറ്റ് മാത്രം നൽകിയതെന്നു കണ്ടു. ഡെവലപ്പ്മെന്റ് പ്ലാനിനോടൊപ്പം സമർപ്പിക്കപ്പെട്ട ബിൽഡിംഗ് പ്ലാനുകൾ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ പരിശോധന നടത്തിയിട്ടില്ല. ഈ മൂന്നു പ്ലോട്ടുകളിലും കെട്ടിടം നിർമ്മിക്കുന്നതിനുള്ള പെർമിറ്റുകൾ നൽകിയിട്ടില്ല എന്നും കണ്ടു.

മേൽ സർക്കർ ഉത്തരവിലെ 4(ii) പ്രകാരം നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിനും അതിനു ചുറ്റും ചട്ടപ്രകാരം ആവശ്യമായ തുറസ്സായ സ്ഥലത്തിനും സുരക്ഷാ കാരണങ്ങളാൽ വേണ്ടിവരുന്ന സ്ഥലത്തിനും ആവശ്യമായ വിസ്തൃതി മാത്രമേ ലാന്റ് ഡെവലപ്പ്മെന്റ് പ്ലാനിൽ ഉൾപ്പെടുത്തു എന്നു സാങ്കേതിക പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ് എന്നു നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം ക്രമ നമ്പർ 3 പ്രകാരം 218 M2 അടിത്തറ വിസ്തീർണമുള്ള കെട്ടിതിനു 6.28 ആർ ഭൂമിയിൽ ലാന്റ് ഡെവലപ്പ്മെന്റ് നടത്തുന്നതിനു 1496 M3 മണ്ണ് മാറ്റേണ്ടതുണ്ടോ എന്ന് ജില്ലാ ജിയോളജസ്റ്റ് ഗ്രാമപഞ്ചായത്തിനോട് വിശദീകരണം 04.01.2022 ൽ തേടിയിരുന്നു. പെർമിറ്റ് പ്രകാരമുള്ള മണ്ണ് നീക്കം ചെയ്യണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 18.01.2022 ൽ മറുപടിയും നൽകിയിട്ടുണ്ട്. ഇപ്രകാരം മണ്ണെടുത്തു മാറ്റിയിട്ടുണ്ടെങ്കിൽ ഈ മൂന്നു പ്ലോട്ടിലും കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയിട്ടുണ്ടോയെന്ന് ഓഡിറ്റിനു വിശദീകരണം നൽകേണ്ടതാണ്. മണ്ണ് എടുത്തു മാറ്റുന്നതിനു മാത്രമുള്ള ഡവലപ്പ്മെന്റ് പെർമിറ്റ് സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി നൽകിയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.33/15-11-2022) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പുതലത്തിൽ തുടർ നിർദ്ദേശങ്ങൾ (DDP) നൽകാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു, മേൽ പരാമർശങ്ങൾക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-12 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടത്തിനു ഒക്യുപൻസി നൽകി.

ഗ്രാമപഞ്ചായത്തിൽ നിന്നും 2021-22 വർഷം എക്സ്റ്റൻഷൻ കെട്ടിട ഭാഗത്തിനു ഒക്യുപ്പൻസി നൽകിയ താഴെ പറയുന്ന ഉടമസ്ഥന്റെ ബഹുനില കെട്ടിടത്തിന്റെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം/ കെട്ടിട നമ്പർ, വാർഡിന്റെ പേര് | പേര്, വിലാസം | കെട്ടിട വിനിയോഗം |
|---|---|---|
| 17/507 N,O,P | ബ്രോൺസൺ സാമുവൽ, ബ്രോൺ വില്ല, ഇടയിലേമുറിയിൽ മാമൂട്, കോന്നി പാർപ്പിടം. | മൂന്നാം നില (63.06 ച മീ ) മൂന്നാം നില (37.46 ച മീ ) മൂന്നാം നില (49.33 ച മീ ) |

താഴെ പറയുന്ന അളവിൽ കെട്ടിടം നിർമ്മിക്കുന്നതിനു 2018ൽ പെർമിറ്റ് നൽകിയിരുന്നു.ഇതു പ്രകാരം നിലവിലെ കെട്ടിടത്തിന്റെ അളവായ 890.49 M2നോടൊപ്പം 530 M2 അധികമായി നിർമ്മിക്കുന്നതിനാ യിരുന്നു പെർമിറ്റ് നൽകയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പെർമിറ്റ് നമ്പർ | A1-BA(19831)/2019;07.07.2018 |
| വാർഡ് നമ്പർ | 17 |
| സർവ്വെ നമ്പർ | S-64/8-1,s-64/8-2-1, S-4/9-1 |
| പ്ലോട്ട് ഏരിയ | 6.47 ആർ |
| കെട്ടിടത്തിന്റെ ഏരിയ | നിലവിലുള്ള കെട്ടിടം -<br>Basement (Carparking) - 91.82<br>Ground Floor Car Porch-16.35<br>Ground Floor (Commercial) - 244.72<br>First Floor (Commercial) - 278.79<br>Second Floor (Residential) - 258.81<br>ആകെ - 890.49 M2<br>**(അധിക നിർമ്മാണം - 530.23 M2)**<br>Third Floor (Residential) - 258.81<br>Fourth Floor (Commercial) - 271.42<br>ആകെ - 1420.72 M2 |

ഇതിൽ മൂന്നാം നില പൂർത്തിയാക്കിയതിന്റെ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി തീയതി രേഖപ്പെടുത്താതെ പ്ലാനുകൾ ഉടമസ്ഥനും ലൈസൻസിയും ഒപ്പ് വച്ച് പഞ്ചായത്തിൽ സമർപ്പിച്ചിരുന്നു. തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയറും ഓവർസിയറും തീയതിയോ പേരോ രേഖപ്പെടുത്താതെ പരിശോധന റിപ്പോർട്ട് തയ്യാറാക്കുകയും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകാവുന്നതാണെന്നു ശുപാർശ ചെയ്യുകയും ചെയ്തു.സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ തയ്യാറാക്കിയ പരിശോധന റിപ്പോർട്ടിൽ താഴെ പറയുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| മുൻ വശം | 5.68 M |
| പിൻ വശം | 4.31 M |
| സൈഡ് 1 | 3.66 M |
| സൈഡ് 2 | 1.50 M |
| Fsi | 1.61 |
| കവറേജ് | 43.00% |
| പാർക്കിംഗ് | 10 |

എന്നാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ കൃത്യമായി പാലിച്ചിട്ടുണ്ടോയെന്ന് സാങ്കേതിക വിഭാഗം പരിശോധന നടത്തിയതായി കണ്ടില്ല.

**ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള അംഗീകാരം ലഭ്യമാക്കിയിട്ടില്ല.**

KPBR 2011 റൂൾ 58 (12)(ii) പ്രകാരം ബിൽറ്റ് അപ്പ് ഏരിയ 1000 $M^2$ ൽ കൂടുതലുള്ള വാണിജ്യ വിഭാഗം കെട്ടിടങ്ങൾക്ക് അല്ലെങ്കിൽ കെട്ടിടത്തിന്റെ ഉയരം 15 M കൂടുന്ന പക്ഷം ഫയർ സേഫ്റ്റി ഉപകരണങ്ങൾ ഈ കെട്ടിടത്തിൽ സ്ഥാപിച്ചു എന്നുള്ളതിന്റെ ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്.എന്നാൽ അത്തരമൊരു പരിശോധന റിപ്പോർട്ട് നടത്തിയിട്ടില്ല.

**ഫയർ എസ്കേപ്പ് സ്റ്റെയർ കേസുകൾ സ്ഥാപിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല.**

KPBR 2011 റൂൾ 47(b) പ്രകാരം അസ്ഥിവാര നില (Ground Floor) ഉൾപ്പടെ രണ്ടു നിലകൾ കവിയുന്ന മറ്റു വിനിയോഗങ്ങൾ ഉള്ള കെട്ടിടങ്ങൾക്ക് എല്ലാ നിലയിൽ നിന്നും ഭൂമിയിലേക്ക് നേരിട്ട് ഇറങ്ങാൻ കഴിയുന്നഫയർ എസ്കേപ്പ് സ്റ്റെയർ കേസ് വേണം. എന്നാൽ ഈ അഞ്ചു നില കെട്ടിടത്തിന് ഇപ്രകാരമുള്ള സ്റ്റെയർ കേസ് നിർമ്മിച്ചതായി പരിശോധന നടത്തിയിട്ടില്ല.

**കെട്ടിടത്തിനാവശ്യമായ പാർക്കിംഗ് ലഭ്യമല്ല.**

പ്ലാൻ പ്രകാരം കെട്ടിടത്തിനാവശ്യമായ പാർക്കിംഗ് സൈറ്റിൽ നൽകിയിട്ടില്ല എന്നു കണ്ടു. നിലവിൽ കെട്ടിടത്തിന്റെ നാലാം നില നിർമ്മിച്ച് റൂഫിംഗ് നടത്തിയതായി കണ്ടു. KPBR 2019 റൂൾ 74(6) പ്രകാരം മറ്റ് ഒക്യുപ്പൻസി കെട്ടിടങ്ങളുടെ ടെറസിന്റെ മുകളിലുള്ള ഷീറ്റ് / ഓട് എന്നിവ കൊണ്ടുള്ള അധിക മേൽക്കൂര നിർമ്മാണം ഒരു പ്രത്യേക നിലയായി പരിഗണിക്കേണ്ടതും ഇത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ ആവശ്യങ്ങൾക്കും കണക്കിലെടുക്കേണ്ടതുമാണ്. എന്നാൽ ഈ നിലയുടെ പ്ലാൻ ഒഴിവാക്കിയാണ് ഒക്യുപ്പൻസിയ്ക്ക് അപേക്ഷ നൽകിയിട്ടുള്ളത്.ആയതിന്മേൽ തുടർ പരിശോധനകൾ നടത്തേണ്ടതാണ്.

കെട്ടിടത്തിനുള്ള കാർപ്പറ്റ് ഏരിയ അടിസ്ഥാനമാക്കി വേണ്ട പാർക്കിംഗ് ചുവടെ ചേർക്കുന്നു

KPBR 2011 ചട്ടം 38 പ്രകാരം കാർപ്പറ്റ് ഏരിയ (വാണിജ്യം) - 195.78 (GF) + 223 (FF)+ 217( Fourth Floor) = 636/75 =8 കാർപാർക്കിംഗ്

കാർപ്പറ്റ് ഏരിയ (റസിഡൻഷ്യൽ)

60 M2 നു മുകളിലുള്ള 2 യൂണിറ്റുകൾ- വേണ്ട കാർ പാർക്കിംഗ് - 2 കാർപാർക്കിംഗ്

60 M2 ൽ താഴെയുള്ള 4 യൂണിറ്റുകൾ - വേണ്ട കാർ പാർക്കിംഗ് - 4/3 =2 കാർപാർക്കിംഗ്

ആകെ വേണ്ട കാർ പാർക്കിംഗ് -12 കാർ പാർക്കിംഗ്

എന്നാൽ പാർക്കിംഗ് പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ബേസ്മെന്റ് ഫ്ലോറിൽ 3 കാറുകൾക്കും മുൻ വശത്ത് 2 കാറുകൾക്കും കെട്ടിടത്തിന്റെ പിന്നിലുള്ള പ്ലോട്ടിൽ ബാക്കി കാറുകൾക്കുമുള്ള സ്ഥലം കാണിച്ചിട്ടുണ്ട്. എന്നാൽ പിൻ വശത്തേക്ക് പ്രവേശന വഴി ലഭ്യമല്ല എന്ന് സൈറ്റ് പരിശോധനയിൽ കാണുന്നു. ആയതിനാൽ പാർക്കിംഗ് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

മറ്റു അപാകതകളിന്മേൽ സാങ്കേതിക പരിശോധന നടത്തിയ ഉദ്യോഗസ്ഥർ ഓഡിറ്റിനു വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.34/15-11-2022) സാങ്കേതിക ശുപാർശകൾ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവർ മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിന്മേൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഒക്യുപ്പൻസി നൽകിയതിലെ അപാകതകളിന്മേൽ തുടർ പരിശോധനകൾ നടത്തി റിപ്പോർട്ട് നൽകേണ്ടതുമാണ്.. ഗ്രാമപഞ്ചായത്ത് ഇതിനായി തുടർനടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിനു മറുപടി നൽകേണ്ടതുമാണ്.

## I-13 വ്യവസായ-ഫാക്ടറി-വ്യാപാര-സംരംഭക-സേവന ലൈസൻസ് നൽകിയതിൽ കുറവ്- വരുമാന നഷ്ടം.

**A) ലൈസൻസ് എടുക്കുന്നവരുടെ എണ്ണം കുറഞ്ഞു. 4.31 ലക്ഷം രൂപയുടെ നഷ്ടം.**

2020-21 ൽ 779 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതിലൂടെ 11.62 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിനു ലഭിച്ചിരുന്നു. എന്നാൽ 2021-22 ൽ ലൈസൻസ് എടുത്തവരുടെ എണ്ണം 701 ആയി കുറയുകയാണുണ്ടായത്. തൻ വർഷം ലൈസൻസ് ഫീസ് ഇനത്തിൽ 7.30 ലക്ഷം രൂപ മാത്രമെ ഗ്രാമപഞ്ചായത്തിനു ലഭിച്ചിരുന്നുള്ളൂ. 4.31 ലക്ഷം രൂപയുടെ നഷ്ടമാണ് ഇതിലൂടെ ഉണ്ടായിട്ടുള്ളതെന്നു കണക്കാക്കുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അഡ്വാൻസ് (₹) | പിരിവ് (₹) | ആകെ ലൈസൻസ് ഫീസ് (₹) |
|---|---|---|---|
| 2020-21 | 393960 | 768400 | 1162360 |
| 2021-22 | 253600 | 477200 | 730800 |
| വ്യത്യാസം | | | 431560 |

മുൻ വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2020-21 ൽ ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും 2021-22 വർഷം ലൈസൻസ് എടുത്തിട്ടില്ല എന്നു കണ്ടു. ഏതാനു ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പർ / കെട്ടിട നമ്പർ | പേര് , വിലാസം | സ്ഥാപനം | 2020-21 ൽ ഈടാക്കിയ ഫീസ് |
|---|---|---|---|---|
| 1 | 8/486 A | ജേക്കബ് ജോർജ്, കളത്തും കരോട്ട്, പയ്യനാമൺ,കോന്നി. | വെൽഡിംഗ് വർക്ക് ഷോപ്പ് | 500 |
| 2 | 7/248 A, 248 B | രാജമ്മ തോമസ്, കണ്ണന്താനത്ത്, വടശ്ശേരിക്കര | ക്രഷർ യൂണിറ്റ് | 10000 |

| | | | | |
|---|---|---|---|---|
| 3 | 11/244 | സിക്കന്തർ ബി, റഹ്മാനിയ മൻസിൽ,മങ്ങാരം | ടെക്സ്റ്റൈൽസ് | 1000 |
| 4 | 17/819 | ജോമോൾ സാബു കാവുങ്കൽ, അങ്ങാടി പി.ഒ, റാന്നി | പെട്രോൾ പമ്പ് | 1000 |
| 5 | `10/614 | ജെസി ജെയിംസ്, കഴിക്കാല വയലിൽ, പയ്യനാമൺ | സിമന്റ് കട്ട നിർമ്മാണം | 1000 |
| 6 | 17/772,773, | തോമസ് ഡാനിയൽ, ഇണ്ടിക്കാട്ടിൽ ,വകയാർ | പോപ്പുലർ ട്രേഡേഴ്സ് | 5000 |
| 7 | 9/472 B | എബി ശാമുവൽ, ഈരാട്ടുകോയിക്കൽ, പെരിഞ്ഞോട്ടയ്ക്കൽ | വെൽഡിംഗ് വർക്ക് ഷോപ്പ് | 1000 |
| 8 | 13/528 | പ്രഭ തോമസ്,ഇണ്ടിക്കാട്ടിൽ , വകയാർ | മെഡിക്കൽ ലാബ് | 1000 |
| 9 | 5/390,391 | ഷാജി തോമസ് ,കുഞ്ചുകല്ലുങ്കൽ വീട്,കൊന്നപ്പാറ | കെ.എസ് എന്റർപ്രൈസസ് | 1000 |
| 10 | 18/356 | ബെന്നി ഡാനിയൽ, ഇല്ലിരിക്കൽ, മങ്ങാരം | മിൽ | 1000 |
| 11 | 7/531 | ലിന്റോ തോമസ്, പിറന്താനത്ത്, പയ്യനാമൺ | കേരള ചിക്കൻ സെന്റർ | 1000 |
| 12 | 17/1062 | ശ്യാം കുമാർ പി എസ്, ശ്യാമ ഭവൻ, പയ്യനാമൺ | ജനസേവന കേന്ദ്രം | 1000 |
| 13 | 16/1063 | സുനിത തോമസ്,തയ്യിൽ വീട്, മങ്ങാരം | മൈക്രോലാബ് ലബോറട്ടറീസ് | 1000 |
| 14 | 17/518 | ഗോപകുമാർ, വാലുമണ്ണിൽ ,കരിമാൻതോട് | ഹോളണ്ട് ഫർണിച്ചർ | 1000 |
| 15 | 16/543 | ജാസ്മിൻ, മാനേജർ, | മാവേലി സ്റ്റോർ | 1000 |
| 16 | 6/640 | ഗിരിജ, വടക്കേതിൽ , അതുമ്പുംകളം | ഹോളോബ്രിക്സ് | 1000 |
| 17 | 14/228238, 239,240 | ബീന ബാലചന്ദ്രൻ, കുരിച്ചിറ്റയിൽ,ചൈനാമുക്ക് | ടൂറിസ്റ്റ് ഹോം | 1000 |
| 18 | 16/1038,1039, 1040 | രാജൻ ജെ ചെറിയാൻ, പുത്തൻ പുരയിൽ, മങ്ങാരം | ടൂറിസ്റ്റ് ഹോം | 5000 |
| 19 | 12/662 | ഉദയകുമാർ, കുമാര സദനം, മാത്തൂർ പാലം | റബർ വ്യാപാരം | 1000 |
| 20 | 13/590 | അനീഷ് ബാബു, കല്ലുങ്കം വാതുക്കൽ, വകയാർ | റസ്റ്റോറന്റ് | 1000 |
| 21 | 11/124 | സ്മിത സന്തോഷ്, ദ്വാരക, അഞ്ചൽ | മെഡിക്കൽ സ്റ്റോർ | 1000 |
| 22 | 17/217,218 | വിൽസൺ ജാനിസ്, ചെറിയ പെരുന്തോട്ടത്തിൽ, വെട്ടൂർ | ടൈൽസ് വിൽപ്പന | 10000 |
| 23 | 17/730 I,J | അനിൽ കുമാർ, അനശ്വര ഹൗസ്, കോന്നി | ജ്യൂവലറി | 5000 |

| | | | | |
|---|---|---|---|---|
| 24 | 18/255 A | തസ്ലി നൗഷാദ്, തടത്തിൽ മൺ പുരയിടം, വകയാർ | ടയർ ഷോപ്പ് | 1000 |
| 25 | 17/1053 | ഗോപകമാർ, വാല്യമണ്ണിൽ,തേക്കുതോട് | ഹോളണ്ട് ഫർണിച്ചർ | 1000 |
| 26 | 16/390 B | K P തിലകൻ, നാരകത്ത് മൂട്ടിൽ, വകയാർ | ട്രാവൻകൂർ ഗോൾഡ് | 1000 |
| 27 | 11/381 | അനിൽ മാത്യു, ചക്കാലയിൽ ,കല്ലേലി | കാർ വർക്ക് ഷോപ്പ് | 1000 |
| 28 | 17/571,572 | ഇ.കെ ഡേവിഡ്,ഇല്ലിരിക്കൽ വീട്, കോന്നി | ലബോറട്ടറി | 1000 |
| 29 | 14/228 | വിമൽ മോഹനൻ,മോഹന വിലാസം, കമ്മണ്ണൂർ | പ്ലൈവുഡ്, ഗ്ലാസ്സ | 1000 |
| 30 | 17/707 | അനിൽ കമാർ, ശിവസദനം, കൈലാസം | സ്പെയർ പാർട്സ് | 1000 |
| 31 | 16/525 | റിലയൻസ് റിട്ടെയിൽ ലിമിറ്റഡ്, വൈറ്റില | മൊബൈൽ ഫോൺ | 5000 |
| 32 | 8/237 | ബാബു ഷൈജു, ആനക്കല്ലുങ്കൽ, പയ്യനാമൺ | ബിൽഡിംഗ് മെറ്റീരിയൽസ് | 1000 |
| 33 | 17/658,659 | രാഹുൽ ആർ, പ്രറ്റി വോഗ്,കോന്നി | ടെക്സ്റ്റൈൽസ് | 1000 |
| 34 | 17/787 | RCB ഗ്യാസ് ഏജൻസീസ്,കോന്നി | ഗ്യാസ് ഏജൻസി | 5000 |
| 35 | 17/783 | കോന്നി റീജിയണൽ സഹകരണ ബാങ്ക് | നീതി മെഡിക്കൽ സ്റ്റോർ | 5000 |

മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാതിരുന്നതിനുള്ള കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി (നം.21/14-11-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

**B) ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിൽ വാടകയ്ക്ക് സ്ഥാപനം നടത്തുന്നവർ വ്യവസായ-ഫാക്ടറി-വ്യാപാര-സംരംഭക-സേവന ലൈസൻസ് എടുത്തിട്ടില്ല.**

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിൽ സ്ഥാപനം നടത്തുന്നവർക്ക് വ്യവസായ-ഫാക്ടറി-വ്യാപാര-സംരംഭക-സേവന ലൈസൻസ് എടുക്കുന്നില്ല എന്നു കണ്ടു.താഴെ പറയുന്ന കടമുറികളാണ് 2021-22 സാമ്പത്തിക വർഷം വാടകയ്ക്ക് നൽകിയിട്ടുള്ളത്. മുൻവർഷത്തെ വാടകക്കാരു തന്നെ 5% വർദ്ധനവോടു കൂടി തുടരുകയാണുണ്ടായിട്ടുള്ളത്. താഴെ പറയുന്ന സ്റ്റാളുകളാണ് വാടകയ്ക്ക് നൽകിയിരുന്നത്.

| ഇനം | എണ്ണം |
|---|---|
| IRDP സ്റ്റാളുകൾ | 8 |
| PBSC സ്റ്റാളുകൾ | 9 |
| PBSC ഗ്രൗണ്ട് ഫ്ലോർ | 3 |
| PBSC New | 6 |
| മാർക്കറ്റ് സ്റ്റാൾ | 5 |
| മാർക്കറ്റ് സ്റ്റാൾ ന്യൂ | 7 |
| ആകെ | 38 |

ഇതിൽ IRDP 4, 5, 6,7 , PBSC 4,9 എന്നീ കെട്ടിടങ്ങളിലെ വാടകക്കാരിൽ നിന്നു മാത്രമാണ് തൻ വർഷം ലൈസൻസ് എടുത്തിട്ടുള്ളത്. മറ്റു വാടകക്കാരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിരുന്നില്ല.ലൈസൻസ് എടുക്കുന്നവരുടെ എണ്ണം വർദ്ധിപ്പിച്ച് ഗ്രാമപഞ്ചായത്തിനുണ്ടാകേണ്ട തനതു വരുമാനം വർദ്ധിപ്പിക്കാൻ ഭരണസമിതി അടിയന്തിര

നിർദ്ദേശം നൽകേണ്ടതാണ്.

## 1-14 വാടക കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾ 2021-22 വർഷം വാടകയ്ക്ക് നൽകിയിരുന്നു. ഇതിൽ രണ്ടു വ്യക്തികളുടെ വാടക കുടിശ്ശികയായതായി കണ്ടു.വാടക രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | പിരിവ് | | | ബാലൻസ് |
|---|---|---|---|---|
| | അഡ്വാൻസ് | തൻ വർഷ കളക്ഷൻ | ആകെ | |
| 842735 | 153834 | 664921 | 818755 | 23980 |

2021-22 ലെ വാടക കുടിശ്ശിക വരുത്തിയവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്, വിലാസം | കുടിശ്ശിക കാലയളവ് | ആകെ കുടിശ്ശിക |
|---|---|---|---|
| 1 | സുബൈർ കുട്ടി, തെക്കേ മാവുംഗമണ്ണിൽ, കാട്ടൂർ പേട്ട, നാരങ്ങാനം P.O | 06/21 മുതൽ 12/21 വരെ | 7x2400 = 16800 |
| 2 | ശ്യാമള, പരുത്തിക്കാവിൽ, മങ്ങാരം, കോന്നി | 11/21 മുതൽ 03/22 വരെ | 5x1436 = 7180 |
| | ആകെ | | 23980 |

2021-22 വർഷത്തെ വാടക കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/15-11-2022) ക്രമ നം 2 ലെ ശ്യാമള എന്ന വ്യക്തി 01-08.2022 ൽ കുടിശ്ശിക അടവാക്കി എന്ന മറുപടി നൽകി. ക്രമ നം 1 ലെ സുബൈർ കുട്ടി എന്നയാൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായും സെക്രട്ടറി മറുപടി നൽകി.

2018-19- ലെ വാടക കുടിശ്ശികയിനത്തിൽ 297000രൂപയും 2019-20-ലെ വാടകയിനത്തിൽ 764778രൂപയും കുടിശ്ശികയുണ്ട്. ഗ്രാമപഞ്ചായത്തിലെ ശ്രീനാരായണപുരം മാർക്കറ്റിലെ ഫിഷ് സ്റ്റാളുകളിൽ നിന്നുമാണ് ഇത്രയും തുക വാടകയിനത്തിൽ ലഭിക്കാനുള്ളത്. മാർക്കറ്റിലെ 1, 2, 3, 4, 5, 16, 17 സ്റ്റാളുകളിൽ നിന്നും പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് അനുവദിച്ചിട്ടുള്ള സ്റ്റാളുകളിൽ നിന്നുമാണ് 2019-20 ൽ കുടിശ്ശിക വന്നിട്ടുള്ളത്. 2020-21, 2021-22 വർഷങ്ങളിൽ ഫിഷ് സ്റ്റാളുകളുടെ ലേലം നടന്നിട്ടില്ല.

2018-19, 2019-20 വർഷങ്ങളിലെ വാടക കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ 2019-20 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-11 ൽ പരാമർശിച്ചിട്ടുണ്ട്. വാടക കുടിശ്ശിക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നൽകിയ ഡിമാന്റ് നോട്ടീസിനെതിരെ മത്സ്യ വ്യാപാരികൾ കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് വാങ്ങിയിട്ടുള്ളതാണെന്നും ബഹു കേരള ഹൈക്കോടതിയിൽ എതിർ സത്യവാങ്മൂലം നൽകിയിട്ടുണ്ടെന്നും തുടർ നിയമ നടപടികളിലൂടെ കുടിശ്ശിക തുക ഈടാക്കുമെന്നും സെക്രട്ടറി മറുപടി നൽകി. കോടതി നടപടികൾക്ക് കൃത്യമായി മറുപടി നൽകി കുടിശ്ശിക തുക ഈടാക്കാൻ നടപടികൾ സ്വകരിക്കേണ്ടതാണ്.

## 1-15 ലേലം നടക്കാതിരുന്നതു കാരണം ഗ്രാമപഞ്ചായത്തിനു വരുമാന നഷ്ടം.

ലേല രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ഫിഷ് സ്റ്റാൾ, മാർക്കറ്റ് ഗേറ്റ് ഫീ, KSRTC കംഫർട്ട് സ്റ്റേഷൻ ഫീ, നാരായണപുരം മാർക്കറ്റ് സാനിറ്ററി കോംപ്ലക്സ് ഫീ പിരിവ് തുടങ്ങിയ ലേല ഇനങ്ങൾക്കായി 25.06.2020, 23.07.2020, 20.08.2020 എന്നീ തീയതികളിൽ ലേലം / പുനർ ലേലം എന്നിവ നടത്തിയെങ്കിലും ആരും ലേലം കൈക്കൊണ്ടിട്ടില്ല. പിന്നീട് യാതൊരു ലേല നടപടികളും 2021-22 ൽ നടത്തിയിട്ടില്ല. 2022-23 വർഷത്തിലേക്ക് 28.02.2022,25.03.2022 എന്നീ തീയതികളിൽ ലേലം / പുനർ ലേലം എന്നിവ നടത്തിയെങ്കിലും ആരും ലേലം കൈക്കൊണ്ടിട്ടില്ല.

സാനിറ്ററി കോംപ്ലക്സുകളിൽ നിന്നും മറ്റു കെട്ടിടങ്ങളിൽ നിന്നും ലേല നടപടികളിലൂടെ ഫീ ഈടാക്കാത്തതിനുള്ള കാരണവും വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.22/14.11.2022) നൽകിയിരുന്നു.

തീരദേശ വികസന കോർപ്പറേഷൻ 2.75 കോടി രൂപ ചെലവഴിച്ചു നാരായണപുരം മാർക്കറ്റിൽ നിർമ്മിച്ച ഫിഷ് സ്റ്റാളിൽ നിന്നും യാതൊരു വരുമാനവും ഇതുമൂലം ഗ്രാമപഞ്ചായത്തിനു ലഭിക്കുന്നില്ല. പുറത്തുള്ള വഴിയോര മത്സ്യ കച്ചവടക്കാരുള്ളതു കാരണം സ്റ്റാളിനുള്ളിൽ യാതൊരു കച്ചവടവും നടക്കുന്നില്ലായെന്നും വഴിയോര മത്സ്യ കച്ചവടം പൂർണ്ണമായും അവസാനിപ്പിക്കണമെന്നും സ്റ്റാളുകൾ 2018-19 കാലയളവിൽ ലേലത്തിലെടുത്ത കച്ചവടക്കാർ ആവശ്യപ്പെട്ടിരുന്നു. ആയതിനാലാണ് ആധുനിക മത്സ്യ മാർക്കറ്റിൽ ലേലം നടക്കാത്തതെന്നു സെക്രട്ടറി മറുപടി നൽകി.

KSRTC സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷൻ,നാരായണപുരം മാർക്കറ്റിലെ സാനിറ്ററി കോംപ്ലക്സ് എന്നിവ ടേക്ക് എ ബ്രേക്ക്

പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഈ രണ്ട് കെട്ടിടങ്ങളുടേയും നിർമ്മാണം പൂർത്തീകരിച്ച് രേഖാമൂലം അറിയിക്കാത്തതുമൂലമാണ് ലേല നടപടികൾ കൈകൊണ്ട് പൊതുജനങ്ങൾക്കു തുറന്നു നൽകാതിരിക്കുന്നതെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓഡിറ്റിനു മറുപടി നൽകി.

വഴിയോര കച്ചവടങ്ങൾ പൂർണ്ണമായി നിർത്തലാക്കാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതി തങ്ങളിൽ ബാദ്ധ്യസ്ഥമായ അധികാരം പ്രയോഗിക്കാത്തയിടത്തോളം ആധുനിക ഫിഷ്സ്റ്റാൾ അടഞ്ഞുതന്നെ കിടക്കുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 2.75 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം വെറുതെ കിടക്കുന്നതു തടയാൻ സർക്കാർ തലത്തിൽ കർശന നിർദ്ദേശമുണ്ടാകണമെന്നും DDP തലത്തിൽ ഈ വിഷയം തുടർനടപടികൾ സ്വീകരിക്കപ്പെടണമെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

KSRTC സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷൻ,നാരായണപുരം മാർക്കറ്റിലെ സാനിറ്ററി കോംപ്ലക്സ് എന്നിവ ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിച്ച് കെട്ടിടങ്ങൾ പൊതുജനങ്ങൾക്കു തുറന്നു നൽകുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാകണമെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-16 വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ.

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന വസ്തുനികുതി നിർണ്ണയിച്ചത് പരിശോധിച്ചപ്പോൾ താഴെ പറയുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ അപാകതകളുണ്ടായതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

A) താഴെ പറയുന്ന വാണിജ്യ കെട്ടിടങ്ങൾക്ക് 1.5 M ൽ താഴെയുള്ള റോഡ് പ്രവേശനമാർഗ്ഗം എന്നതിൽ ഉൾപ്പെടുത്തി 10% അടിസ്ഥാന വസ്തു നികുതിയിന്മേൽ നികുതിയിളവ് നൽകി.സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചപ്പോൾ ഇതേ റോഡിനരികിലുള്ള മറ്റ് കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിട്ടില്ല എന്നും കണ്ടു.

| ക്രമ നം | പേര്, വിലാസം | കെട്ടിട നമ്പർ/സഞ്ചയയിൽ ഉൾപ്പെടുത്തിയ തീയതി | ബിൽറ്റ് അപ് ഏരിയ (M2) | റോഡ് | നൽകിയ നികുതിയിളവ് (₹) |
|---|---|---|---|---|---|
| 1 | ഓമന റോയി,ഒഴുമണ്ണിൽ വീട്, അട്ടച്ചാക്കൽ. (വ്യവസായ കെട്ടിടം) | 2/215 B 06-07-2018 | 31.32 | അട്ടച്ചാക്കൽ ഓർത്തഡോക്സ് പള്ളി മാർത്തോമ്മാ പള്ളി റോഡ് | 94 |
| 2 | സാപെഷ്യൽ ഓഫീസർ & സി.എഫ്.ഓ, സി.എഫ്.ആർ.ഡി, കോന്നി,പെരിഞ്ഞൊട്ടയ്ക്കൽ പി ഒ (ഓഫീസ് കെട്ടിടം) | 9/557 A 26-12-2018 | 130 | മച്ചിക്കാട് ആശാരിയേത്ത് പടി | 520 |
| 3 | ഷിജിനാ ബിജേഷ് .ബിജേഷ് റ്റി,പുത്തൻവീട്,മങ്ങാരം,കോന്നി പി ഒ. (വാണിജ്യ കെട്ടിടം) | 16/938 F,G,H,I 15-09-2022 | 36.48<br>36.48<br>36.48<br>36.48 | പ്രൈവറ്റ് റോഡ് | 219<br>219<br>219<br>219 |

B) പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതിയിളവ് നൽകി.

പുനലൂർ മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേയുടെ സമീപത്തുള്ള താഴെ പറയുന്ന പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന വാണിജ്യ കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതിയിളവ് നൽകി.

| ക്രമ നം | പേര്, വിലാസം | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ ബിൽറ്റ് അപ് ഏരിയ (M2) | നൽകിയ നികുതിയിളവ് തുക (₹) |
|---|---|---|---|---|
| 1 | സുനിൽ കുമാർ എൽ/ സിന്ധു | 12/308 | 137.7 | 686 |

| | | | | |
|---|---|---|---|---|
| | പി,<br>സിന്ധുഭവൻ, മങ്ങാരം,<br>കോന്നി പി ഒ<br>(വ്യവസായ കെട്ടിടം) | A | | |
| 2 | ജയേഷ്, ശാന്തിപുരത്ത് വീട്, വകയാർ, വാകയാർ പി ഒ | 13/549 A,B | 83.44<br>110.77 | 501<br>665 |
| 3 | മന്മഥൻ നായർ, മന്മഥപുരത്ത് വീട്,<br>വകയാർ, വാകയാർ പി ഒ. | 13/511 A,B | 52.5,<br>52.5 | 315<br>315 |
| 4 | ജയപ്രകാശ് പി, ശാന്തിപുരം, വകയാർ, വാകയാർ പി ഒ | 13/552 A | 18 | 81 |
| 5 | തങ്കച്ചൻ പി.എസ്സ്, പുത്തൻ വീട്ടിൽ തെക്കേതിൽ, മങ്ങാരം, കോന്നി പി ഒ. | 17/44 A | 68.05 | 306 |
| 6 | സജി ശാമുവേൽ, ഇല്ലിരിക്കൽ വീട്, മങ്ങാരം, കോന്നി പി ഒ. | 17/368 A | 135.2 | 811 |

അപാകതകളിന്മേൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/14-11-2022) ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടില്ല. നികുതി നിർണ്ണയത്തിൽ വന്ന അപാകതകളിന്മേൽ പരിശോധന നടത്തി നികുതി പുനനിർണ്ണയിച്ച ശേഷം ഓഡിറ്റിനു റിപ്പോർട്ട് നൽകേണ്ടതാണ്.

## 1-17 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകത മൂലം വസ്തുനികുതിയിനത്തിൽ വരുമാന നഷ്ടം.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നം | ഇനം | നിരക്ക് / ച.മീ |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 M2 വരെയുള്ള കെട്ടിടം. | 45 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 M2 ന മുകളിലുള്ള കെട്ടിടം. | 60 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 M2 വരെയുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പുകൾ. | 50 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 M2 ന മുകളിലുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പുകൾ. | 80 |

| ക്രമ നം | ഉമസ്ഥന്റെ വിലാസം | കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) | നിർണ്ണയിച്ച നികുതി (₹/M2) | നിർണ്ണയിക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | ശിവദാസ് എം.ജെ.,<br>മറ്റപ്പള്ളിൽ വീട്,<br>അട്ടച്ചാക്കൽ, അട്ടച്ചാക്കൽ പി ഒ<br>(* ഉടമസ്ഥന്റെ 1/305 B എന്ന കെട്ടിടം 60 രൂപ നികുതി നിർണ്ണയിച്ചിട്ടുണ്ട്. | 1/305 C | 72.72 | 45 | 60 |
| 2 | ഫിലിപ്പ് എബ്രഹാം,<br>കുത്തുകല്ലുങ്കൽ വീട്,<br>പയ്യനാമൺ,പയ്യനാമൺ പി ഒ | 8/198 B,C | 59.74<br>55.12 | 45 | 60 |
| 3 | ഹാരിഫ ബീഗം,കുളങ്ങര ത്തുണ്ടിൽ,<br>അഭിലാഷ് കോട്ടേജ്,<br>കോന്നി പി ഒ. | 11/97 A,B,C | 56.7<br>56.7<br>56.7 | 45 | 60 |
| 4 | സോണി.എസ്,<br>മുല്ലയ്ക്കല് വീട്,<br>മങ്ങാരം, കോന്നി. | 12/551 A B | 78.12<br>98.88 | 45 | 60 |
| 5 | ഡോ.വൈ.റഫീക്ക്,<br>റ്റി.സി/1/91/1, മെഡിക്കൽ കോളേജ്, മെഡിക്കൽ കോളേജ് പി ഒ | 12/601 B,C | 345.6<br>43.93 | 60<br>45 | 80 |
| 6 | രാജൻ കട്ടി എ.സ്സ്/ ചിത്രാകുമാരി,<br>ആനക്കല്ലുങ്കൽ, മങ്ങാരം, കോന്നി പി ഒ | 14/ 4 A,B | 28.95<br>84.44+11.47 | 45 | 60 |
| 7 | കെ കെ രാമചന്ദ്രൻ,<br>കൈപ്പുഴ വീട്, | 14/191, 192 | 98.4<br>85.8 | 45 | 60 |
| 8 | ഫിലിപ്പ് ചാക്കോ,<br>പുത്തൻപറമ്പിൽ വീട്,<br>വകയാർ. | 16/264 A | 353 | 60 | 80 |
| 9 | കുഞ്ഞമ്മ തോമസ്,<br>മണ്ണികോയിക്കൽ,<br>മങ്ങാരം, കോന്നി പി ഒ. | 16/532 A, B | 62<br>44 | 45 | 60 |
| 10 | എസ്.നാസർ, കൊല്ലന് മേപ്പുറത്ത് പുത്തൻ വീട്,<br>മങ്ങാരം, | 16/898 A,B,C | 47.11<br>92.92<br>72.38 | 45 | 60 |
| 11 | എസ്.നാസർ, കൊല്ലന് മേപ്പുറത്ത് പുത്തൻ വീട്,<br>മങ്ങാരം, | 16/899 A | 31.15 | 45 | 60 |

| | | | | | |
|---|---|---|---|---|---|
| 12 | ഏബ്രഹാം ഫിലിപ്പ്, തെക്കിനേത്ത് ഹൌസ്, കോന്നി | 17/133 A, B,C | 212.92<br>144.6<br>15.25 | 60 | 80 |
| 13 | ബ്രോൺസൺ ശാമുവേൽ, ബ്രോൺ വില്ല, ഇടയിലെമുറിയിൽ, മങ്ങാരം, കോന്നി പി ഒ. (ഉടമസ്ഥന്റെ 507 B-H കെട്ടിടങ്ങൾക്ക് 60 രൂപ നികുതി നിർണ്ണയിച്ചിട്ടുണ്ട്) | 17/507 A | 85.98 | 45 | 60 |
| 14 | ബാലചന്ദ്രൻ നായർ, പഞ്ചവടി, അരുവാപ്പുലം. | 17/515 B | 229.59+<br>40.22 | 60 | 80 |
| 15 | വരുൺ രാജ്, രാജവൽസം, പനങ്ങാട് പി.ഒ | 17/571 A,B | 227.66<br>226.8 | 60 | 80 |
| 16 | കെ.ജി കൃഷ്ണകുമാർ, കുമാരസദനം, മാത്രൂർപ്പാലം, കോന്നി പി ഒ | 17/580 A,B,C,D | 24.5<br>23.5<br>19 +67 | 45 | 60 |
| 17 | മാത്യു കെ ചെറിയാൻ, കാവുങ്കൽ, കോന്നി. | 17/591 D,J | 89.8<br>106.55 | 45 | 60 |
| 18 | ബിജി.എ.കെ, കളത്തുരേത്ത് വീട്, മങ്ങാരം. (ഉടമസ്ഥന്റെ 728 A,B-E-H കെട്ടിടങ്ങൾക്ക് 60 രൂപ നികുതി നിർണ്ണയിച്ചിട്ടുണ്ട്) | 17/728 C,D | 41<br>41 | 45 | 60 |
| 19 | താരാ ജി പിള്ള,പുത്തമന വിജയഭവനം, കോന്നി, കോന്നി പി ഒ | 17/729 U,v,w,z,s,t | 44,49,38,<br>46,45,45 | 45 | 80 |
| 20 | ഷീബാമോൾഎ .കെ, കളത്തുരേത്ത് വീട്, മങ്ങാരം, കോന്നി പി ഒ | 17/730 A,B,C,D | 47,32,<br>33,33 | 45 | 60 |
| 21 | കുഞ്ഞമ്മ എബ്രഹാം പുത്തൻചിറയിൽ, അട്ടച്ചാക്കൽ. | 17/837 E | 220 | 60 | 80 |
| 22 | ബിജു ജോർജ്ജ്, അന്നാഹൗസ്, മങ്ങാരം , കോന്നി പി,ഒ. | 17/883 D,E,F | 285,<br>355,<br>355 | 60 | 80 |
| 23 | ജേക്കബ് ചാക്കോ, ഇല്ലിരിക്കൽ, മങ്ങാരം | 17/929 A,B | 205,<br>205 | 60 | 80 |

മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾക്കു വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട

കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/14-11-2022) ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടില്ല. നികുതി പുനനിർണ്ണയിച്ച് സഞ്ചയസോഫ്റ്റുവെയറിലെ അസസ്മെന്റ് രജിസ്റ്ററിൽ തിരുത്തലുകൾ വരുത്തേണ്ടതും ഓഡിറ്റിനു റിപ്പോർട്ട് നൽകേണ്ടതുമാണ്.

## 1-18 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയായി 1.19 ലക്ഷം രൂപ ഈടാക്കാൻ അവശേഷിക്കുന്നു.

2021-22 സാമ്പത്തിക വർഷം വരെയുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചപ്പോൾ താഴെ പറയുന്ന ടവർ ഉടമകൾ ₹139787രൂപ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/കെട്ടിട നം | മൊബൈൽ ടവർ | നിർണ്ണയിച്ച വസ്തു നികുതി + ലൈബ്രറി സെസ്സ്+സർവീസ് സെസ്സ് | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 11/183 | ജനറൽ മാനേജർ, ബി. എസ്. എൻ. എൽ, തിരുവല്ല. | 7040+352+1408=8800 | 2013-14 മുതൽ 2020-21 വരെ | 8x8800 =70400 |
| 2 | 11/646 | ടാറ്റാ ടെലി സർവ്വീസ്, എസ്സ്.എൽ പ്ലാസ്സാ, പാലാരിവട്ടം, കൊച്ചി. | 4950+248+990=6188 | 2019 -20 IInd Half മുതൽ 2020-21 വരെ | 3094+1x6188 =9282 |
| 3 | 18/217/A | ദ മാനേജർ,ബി എസ് എൻ എൽ ടവർ,ചിറ്റൂർമുക്ക്,കോന്നി പി ഒ, | 4010+201+802 =5013 | 2013-14 മുതൽ 2020-21 വരെ | 8x5013 =40104 |
| | | **ആകെ** | | | **119786** |

കുടിശ്ശിക തുക **119786 രൂപ** ഈടാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/14-11-2022) സെക്രട്ടറി മറുപടി നൽകിയിട്ടില്ല. കുടിശ്ശിക തുക ഈടാക്കാൻ ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 പൊതുടാപ്പുകളുടെ വെള്ളക്കരം പഞ്ചായത്ത് ഫണ്ട് ചോർത്തുന്നു

ഗ്രാമപഞ്ചായത്തിലെ 370 പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഓരോ മാസവും 169984 രൂപയാണ് പഞ്ചായത്ത് ഒടുക്കിവരുന്നത്. എന്നാൽ ഈ ടാപ്പുകളിൽ ഭൂരിഭാഗവും പ്രവർത്തനരഹിതമാണെന്നും, പൊതുജനങ്ങൾക്ക് ഇവകൊണ്ട് യാതൊരുവിധ പ്രയോജനവുമില്ലെന്നും 25.01.2022-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്യുതായും, ഉപയോഗക്ഷമമല്ലാത്ത പൊതു ടാപ്പുകൾ നിർത്തലാക്കുന്നതിന് ഒരു സംയുക്ത പരിശോധന നടത്തുന്നതിന് തീരുമാനിച്ചതായും മിനിട്സ് പരിശോധിച്ചതിൽ കാണുന്നു. സംയുക്ത പരിശോധന നടത്തുന്നതിനുവേണ്ടി ഒരു ജീവനക്കാരനെയും, വാഹനവും ഗ്രമപഞ്ചായത്ത് ലഭ്യമാക്കുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ ഓഡിറ്റ് തീയതിവരെ സംയുക്ത പരിശോധന നടത്തുകയോ, പ്രവർത്തന രഹിതമായ പൊതുടാപ്പുകൾ നിർത്തലാക്കുകയോ ചെയ്തിട്ടില്ല.

പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ഒരു ആവർത്തന ചെലവ് എന്ന നിലയിൽ പ്രവർത്തന ക്ഷമമല്ലാത്ത പൊതു ടാപ്പുകൾക്ക് വർഷങ്ങളായി വെള്ളക്കരം നൽകുന്നതിലൂടെ വൻ നഷ്ടമാണ് പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ളത്. പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾക്കാണ് വെള്ളക്കരം ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് കാര്യനിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയ്ക്ക് ഉത്തരവാദിത്വമുണ്ട്. എന്നാൽ പഞ്ചായത്തിലെ ഭൂരിപക്ഷം പൊതു ടാപ്പുകളും പ്രവർത്തന രഹിതമാണെന്ന് ജനപ്രതിനിധികൾ സാക്ഷ്യപ്പെടുത്തുകയും, സംയുക്ത പരിശോധന നടത്തുന്നതിന് തീരുമാനം എടുക്കുകയും ചെയ്തിട്ടും, ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിൽ സെക്രട്ടറിയുടെ ഭാഗത്ത് വീഴ്ചയുണ്ടായി. സംയുക്ത പരിശോധന നടത്തി പ്രവർത്തനരഹിതമായ പൊതുടാപ്പുകൾ നിർത്തലാക്കുന്നതിന് സെക്രട്ടറി സത്വര നടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

## 1-20 വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ – ടെണ്ടർ/ബിഡിംഗ് മുഖേന അല്ലാതെ അക്രഡിറ്റഡ് ഏജൻസിയെ പ്രവൃത്തി ഏൽപിച്ചു

2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ പ്രോജക്ട് നം. 188/22 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ അടിസ്ഥാന വിഹിതത്തിൽനിന്നും 17,50,000 രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1250000 രൂപയും ഉൾപ്പടെ ആകെ 3000000 രൂപ അടങ്കൽ വകയിരുത്തി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് (KEL) എന്ന സ്ഥാപനത്തിന് ടെണ്ടർ/ബിഡിംഗ് മുഖേന അല്ലാതെ 25 എണ്ണം മിനിമാസ്റ്റ് ലൈറ്റുകൾ (6 Mtr. Minimast With 4 Nos. Of 80W LED Flood Light) സ്ഥാപിക്കുന്നതിന് നേരിട്ട് കരാർ നൽകി. ഓഡിറ്റ് വർഷം 27 സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ച ഇനത്തിൽ KEL-ന് പഞ്ചായത്ത് വിഹിതത്തിൽനിന്നും 1485000 രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽനിന്നും 990000 രൂപയും ഉൾപ്പടെ ആകെ 2475000 രൂപയും നൽകിയിട്ടുണ്ട്. രണ്ട് മിനി മാസ്റ്റുകളുടെ വിലയായ 198000 രൂപ ഓഡിറ്റ് തീയതി വരെ KEL-ന് നൽകിയിട്ടില്ല. ആയത് നൽകാതിരുന്നതിന്റെ കാരണം വ്യക്തമല്ല. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 30 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന ഈ പ്രവൃത്തിയുടെ നിർവ്വഹണം ടെണ്ടർ/ബിഡിംഗ് മുഖേനയല്ലാതെ KEL-നെ നേരിട്ട് ഏൽപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് 21.10.2020-ലെ സ.ഉ.(സാധാ)നം.1978/2020/തസ്വഭവ നമ്പർ ഉത്തരവിന്റെ ലംഘനമാണ്. Steel Structure & Electro Mechanical Works നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ അംഗീകരിച്ചിട്ടുണ്ടെന്നതിന്റെ ചുവടു പിടിച്ചാണ് ഈ പ്രവൃത്തി KEL-നെ ഏൽപ്പിച്ചിട്ടുള്ളത്. 25.07.2017-ലെ സ.ഉ.(പി.)95/2017/ധന നമ്പർ ഉത്തരവിലെ ഇനം.6 പ്രകാരമുള്ള Annexure-ൽ KEL നെ അക്രഡിറ്റഡ് ഏജൻസിയായി ചേർത്തിട്ടുണ്ട്. PMC എന്ന നിലയിലാണ് KEL-ന് ഇത്തരം പ്രവൃത്തികൾ ചെയ്യുന്നതിന് സർക്കാർ അക്രഡിറ്റേഷൻ നൽകിയിട്ടുള്ളത്. PMC-കൾക്ക് പ്രവൃത്തികളുടെ നിർവ്വഹണം നേരിട്ട് ഏറ്റെടുക്കുന്നതിന് അനുമതിയില്ല. PMC ആയി പ്രവർത്തനങ്ങൾ ഏജൻസികളെ ഏൽപ്പിക്കുമ്പോൾ ഏജൻസികൾക്ക് അനുവദനീയമായ സെന്റേജ് ഇനത്തിലുള്ള തുക ഏജൻസിക്കും, പ്രവൃത്തിയുടെ തുക കാരാറുകാർക്കുമാണ് അനുവദിക്കേണ്ടത്. ആയതിന് പഞ്ചായത്തും, PMCയും കരാറുകാരനും തമ്മിൽ ത്രികക്ഷി എഗ്രിമെന്റ് വെയ്ക്കേണ്ടതാണ്. PMC എന്ന നിലയിൽ KEL, കോൺട്രാക്ടർ, സെക്രട്ടറി എന്നിവർ പരസ്പരം ത്രികക്ഷി എഗ്രിമെന്റ് വെച്ചിട്ടില്ല. മിനിമാസ്റ്റ് ഒന്നിന് 99000 രൂപ നിരക്കിലാണ് KEL-ന് പ്രതിഫലം നൽകിയിട്ടുള്ളത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, ക്ഷമതയുള്ള ഒരു അധികാരി സാങ്കേതികാനുമതി നൽകുകയോ ചെയ്തിട്ടില്ല. പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച മിനിമാസ്റ്റ് ലൈറ്റുകളുടെ പ്രതിഫലം വാല്യുവേഷൻ/മെഷർമെന്റിന്റെ അടിസ്ഥാനത്തിലല്ല നൽകിയിട്ടുള്ളത്. ചെയ്ത പ്രവൃത്തിയുടെ യഥാർത്ഥ മൂല്യ നിർണ്ണയം നടത്താതെ കരാർ സ്ഥാപനം നിർദ്ദേശിച്ച നിരക്കിൽ തുക നൽകിയത് അംഗീകരിക്കാനാവില്ല.

2. മേൽ പറഞ്ഞ അക്രഡിറ്റേഷൻ ഉത്തരവിൽ Enlist ചെയ്തിട്ടുള്ള ഏജൻസികളിൽനിന്നും Bidding മുഖേനയാണ് ഒരു പ്രവൃത്തിയ്ക്ക് അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം എല്ലാ പഞ്ചായത്തുകൾക്കും നൽകുന്നതിന് 10.11.2020-ലെ PAN/13189/2020-J8(DP) നമ്പർ കത്തിലൂടെ എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും ബഹു. പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ബഹു. പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് അവഗണിച്ചാണ് KEL-നെ നേരിട്ട് പ്രവൃത്തി ഏൽപ്പിച്ചത്.

3. പ്രോജക്ടിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള എല്ലാ ലൈറ്റുകളും പ്രകാശിപ്പിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ഉദാഹരണമായി വാർഡ് 17-ൽ PWD ഓഫീസ് ജംഗ്ഷനിൽ സ്ഥാപിച്ചിട്ടുള്ള ലൈറ്റ് ഓഡിറ്റ് തീയതിയിലും പ്രവർത്തന ക്ഷമമാക്കിയിട്ടില്ല. ലൈറ്റുകൾ സ്ഥാപിച്ച് 8 മാസങ്ങൾ പിന്നിട്ടിട്ടും ലൈറ്റുകൾ എല്ലാം പ്രവർത്തന ക്ഷമമാക്കാതിരുന്നത് ഗൗരവതരമായ വീഴ്ചയാണ്.

4. പ്രോജക്ടിന്റെ ഭാഗമായി മിനിമാസ്റ്റ് ലൈറ്റുകൾ മിക്കവയും പ്രധാന നിരത്തുകളിൽനിന്നും അകന്ന് അപ്രധാനമായ സ്ഥാനങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ വ്യക്തമായി. ഉദാഹരണമായി വാർഡ് 15 - എസ്.എൻ. സ്കൂൾ ജംഗ്ഷൻ (മരങ്ങാട്), വാർഡ് 11 - മാത്രുർപ്പാലം കൊടിഞ്ഞിമൂലക്കടവ്. പൊതു താല്പര്യം മുൻനിർത്തിയല്ലാതെ വാർഡ് മെമ്പർമാർ സ്വേച്ഛാപരമായി അപ്രധാനമായ സ്ഥലങ്ങളിൽ ലൈറ്റുകൾ സ്ഥാപിക്കുക വഴി ഇവകൊണ്ട് പൊതു സമൂഹത്തിനുള്ള പ്രയോജനം പരിമിതപ്പെട്ടു.

അക്രഡിറ്റേഷൻ ഉത്തരവുകളിൽ അംഗീകാരം നൽകി പട്ടികപ്പെടുത്തിയിട്ടുള്ള ഏജൻസികളിൽ നിന്നും ടെണ്ടർ /ബിഡിംഗ് മുഖേന മാത്രമേ അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കാൻ പാടുള്ളൂ എന്ന സർക്കാർ ഉത്തരവ് മറി കടന്ന് 30 ലക്ഷം രൂപ അടങ്കലുള്ള പ്രോജക്ട് KEL-നെ ഏൽപ്പിച്ചതും, കൃത്യമായ എസ്റ്റിമേറ്റോ, മൂല്യ നിർണ്ണയമോ ഇല്ലാതെ തുക നൽകിയതും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രോജക്ടിന് പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവഴിച്ച 2475000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 തെരുവ് വിളക്ക് മെയിന്റനൻസ് നടത്തിയ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് 39200 രൂപയുടെ നഷ്ടം

2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട ഗ്രാമജ്യോതി തെരുവ് വിളക്ക് മെയിന്റനൻസ് എന്ന പ്രോജക്ട് സുതാര്യമായല്ല നിർവ്വഹിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി തെരുവ് വിളക്ക് തെളിയിക്കുന്നതിന് പഞ്ചായത്ത് നിയോഗിച്ച ഇലക്ട്രീഷന് പ്രവൃത്തി നടത്തിയ പോളുകളുടെ എണ്ണം കൃത്യമാക്കാതെ 39200 രൂപ അനധികൃതമായി നൽകി. കൂടാതെ ഗ്രാമപഞ്ചായത്തുകളുടെ തെരുവ് വളക്ക് പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/15നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്ന കാര്യത്തിലും പഞ്ചായത്ത് വീഴ്ച വരുത്തി. ഈ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 3-ൽ ഉൾപ്പെടുത്തിയിട്ടുണ്ട് (ഖണ്ഡിക 3-1).

## 1-22 ശ്മശാനത്തിന് സ്ഥലം വാങ്ങൽ - പ്രാരംഭ നടപടിക്രമങ്ങളിൽ തികഞ്ഞ അസ്വാഭാവികത

2021-22-ലെ വാർഷിക പദ്ധതിയിൽ പൊതു ശ്മശാനത്തിന് ഭൂമി വാങ്ങുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട് (പ്രോജക്ട് നം. 192/22). ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിൽ നിന്നും 1549500 രൂപയും, തനത് ഫണ്ടിൽനിന്നും 5000000 രൂപയും ഉൾപ്പടെ ആകെ 6549500 രൂപയാണ് പ്രോജക്ട് വകയിരുത്തൽ. ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 31.03.22 തീയതിയിൽ ഈ പദ്ധതിയുടെ ഭാഗമായി 1500000 ലക്ഷം രൂപ സെക്രട്ടറി അലോട്ട്മെന്റ് വാങ്ങിയതായും, ഡിസ്ട്രിക്ട് കോ.ഓ.ബാങ്ക് അക്കൗണ്ടിൽനിന്നും 31.03.22-ലെ 353142 നമ്പർ ചെക്ക് പ്രകാരം 5000000 ലക്ഷം രൂപയുടെ ചെക്ക് എഴുതിയിട്ടുള്ളതായും കണ്ടു. എന്നാൽ ഈ രണ്ട് ഇടപാടുകളും തികച്ചും അസ്വാഭാവികമായ സാഹചര്യത്തിൽ വേഗത്തിൽ റദ്ദാക്കുകയാണുണ്ടായത്.

പഞ്ചായത്ത് വാങ്ങാൻ ഉദ്ദേശിച്ച 41.28 ആർ (102 സെന്റ്) സ്ഥലത്തിന് കോന്നി തഹസിൽദാർ നിശ്ചയിച്ച വില 2531331 രൂപയായിരുന്നു. എന്നാൽ ഇപ്രകാരമൊരു വാല്യേഷൻ സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളിൽനിന്നും ലഭ്യമാകുന്നതിന് മുമ്പ് ശ്രീ ശ്യാംകുമാർ, ശ്യാമഭവൻ, പയ്യനാമൺ എന്ന വ്യക്തിയിൽനിന്നും സെന്റിന് 95000 രൂപ നിരക്കിൽ, ആകെ 41.28 ആർ സ്ഥലത്തിന് 96.89 ലക്ഷം രൂപയ്ക്ക് വാങ്ങുന്നതിനാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട് (തീയതി - 31.03.22). ഇത് സംബന്ധിച്ച ഫയൽ നീക്കങ്ങൾ ദുരൂഹമായ സാഹചര്യത്തിൽ അസ്വാഭാവികമായ വേഗതയിൽ നടന്നിട്ടുള്ളതായി കാണുന്നു. പ്രാജക്ട് ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് ചുമതലയുണ്ടായിരുന്ന സെക്ഷൻ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് എന്നിവർ ഫയൽ കണ്ടിട്ടില്ല. പ്രസ്തുത ഉദ്യോഗസ്ഥതലത്തിൽ കുറിപ്പുകൾ രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നില്ല. സേവനത്തിൽ നിന്നും വിരമിക്കാൻ ചുരുങ്ങിയ കാലം മാത്രം അവശേഷിച്ചിരുന്ന സെക്രട്ടറിയും, പ്രസിഡന്റും നേരിട്ടാണ് ഫയൽ കൈകാര്യം ചെയ്തിരുന്നത്. ഓഡിറ്റ് വേളയിൽ ആവർത്തിച്ച് ആവശ്യപ്പെട്ടതിന് പുറമെ രേഖാമൂലം ഓഡിറ്റ് നിയമപ്രകാരം റിക്വിസിഷൻ നൽകിയതിന് ശേഷമാണ് ഫയൽ പരിശോധനയ്ക്ക് ലഭ്യമായത്.

വസ്തു വാങ്ങുന്നതിന് പത്ര പരസ്യം നൽകിയാണ് താല്പര്യപത്രം ക്ഷണിച്ചിട്ടുള്ളതെന്ന് അധികൃതർ ഓഡിറ്റിന് ലഭ്യമാക്കിയ വിവരം. ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ പത്ര പരസ്യം നൽകിയതിന്റെ രേഖകളൊന്നും സൂക്ഷിച്ചിരുന്നില്ല. പത്ര പരസ്യത്തിന്റെ ഡിജിറ്റൽ കോപ്പിയാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. ഇതിൽ പരസ്യത്തിന്റെ തീയതി കാണിച്ചിരിക്കുന്നത് 16.03.2022 ആണ്. പരസ്യം പത്രത്തിൽ പ്രസിദ്ധീകരിച്ച തീയതി അറിയാൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് താല്പര്യ പത്രം ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 22.03.2022 തീയതിയിൽ ശ്രീമതി അന്നമ്മ തങ്കച്ചൻ, പച്ചയിൽ ഹൗസ്, പയ്യനാമൺ എന്നയാളും, ശ്രീ ശ്യാംകുമാർ പി.എസ്., ശ്യാമഭവൻ, പയ്യനാമൺ എന്നയാളും താല്പര്യപത്രം സമർപ്പിച്ചു. ഒന്നാമത്തെ ആൾ 10 സെന്റിനകത്ത് വസ്തു മാത്രമാണ് താല്പര്യപത്രത്തിൽ സൂചിപ്പിച്ചത്. രണ്ടാമത്തെ കക്ഷിയായ ശ്രീ ശ്യാംകുമാർ പി.എസ്., ശ്യാമവൻ എന്നയാൾ 102 സെന്റ് വസ്തു സെന്റിന് 95000 രൂപ നിരക്കിൽ വില്പനയിലൂടെ വിട്ടു നൽകുന്നതിന് താല്പര്യപത്രം സമർപ്പിച്ചു. ടിയാളുടെ താല്പര്യപത്രം പരിഗണിച്ച് വസ്തു വാങ്ങുന്നതിന് 30.03.2022-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു.

2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾക്ക് അനുസൃതമായിട്ട് മാത്രമേ പഞ്ചായത്തിന് വസ്തു ആർജ്ജിക്കാൻ സാധിക്കുകയുള്ളൂ. ചട്ടപ്രകാരം വസ്തു വാങ്ങുന്നതിന് മുമ്പായി റവന്യൂ അധികാരികളിൽനിന്നുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ്, 18 വർഷത്തെ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ്, ഗവ. പ്ലീഡറുടെ ക്ലീയർ ടൈറ്റിൽ സർ ട്ടിഫിക്കറ്റ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുയോജ്യതാ സർട്ടിഫിക്കറ്റ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ഈ വക സാക്ഷ്യപത്രങ്ങൾ ഒന്നും ലഭ്യമാക്കാതെ 30.03.2022-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ വസ്തു ഉടമയ്ക്ക് 31.03.2022-ൽ തുക നൽകുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിരുന്നു. ഇത് സംബന്ധമായ നടപടിക്രമങ്ങളുടെ നാൾവഴികൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| താല്പര്യപത്രം ക്ഷണിച്ച തീയതി | 16.03.2022 |

| | |
|---|---|
| താല്പര്യപത്രം ലഭിച്ച തീയതി | 22.03.2022 |
| ശ്രീ ശ്യാംകുമാറിന്റെ താല്പര്യപത്രം അംഗീകരിച്ച് വസ്തു വാങ്ങാൻ തീരുമാനം കൈക്കൊണ്ട തീയതി | 30.03.2022 |
| ചെലവ് അംഗീകരിച്ച് ചെക്ക് എഴുതിയ തീയതി (തുടർന്ന് റദ്ദാക്കിയത്) | 31.03.2022 |

ധനപരമായ ഇടപാടുകളിൽ പ്രസിഡന്റ് രേഖാമൂലം ചുമതലപ്പെടുത്തിയാൽ മാത്രമേ ചെക്ക് എഴുതാൻ പാടുള്ളൂവെന്നാണ് വ്യവസ്ഥ. ആയതിനാൽ പ്രസിഡന്റിന്റെ അറിവോടെയാണ് സെക്രട്ടറി പേയ്മെന്റ് പാസാക്കിയിട്ടുള്ളതെന്ന് വ്യക്തമാണ്.

കോന്നി താലൂക്ക് തഹസിൽദാർ വസ്തുവിന്റെ വാല്യവേഷൻ സർട്ടിഫിക്കറ്റ് ലഭ്യക്കിയത് മാസങ്ങൾക്ക് ശേഷം അതായത് 08.11.2022-ൽ മാത്രമാണ്. തഹസിൽദാർ നിശ്ചയിച്ചിരിക്കുന്ന വസ്തു വില 2531331 രൂപയാണ്. ഇതിന്റെ മൂന്നിരട്ടിയിലധികം വില നല്കി വസ്തു വാങ്ങുന്നതിനാണ് പഞ്ചായത്ത് തീരുമാനിച്ചത്. നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം റവന്യൂ അധികാരി സൊലേഷ്യം (അധിക വില) നിശ്ചയിച്ചിട്ടുള്ള വിലയിൽ പരമാവധി 30% വരെ അധിക വില നൽകുന്നതിനെ വ്യവസ്ഥയുള്ളൂ. ഇപ്രകാരം അധികം വില നൽകുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ ഐകകണ്ഠേനയുള്ള തീരുമാനവും അനിവാര്യമാണ്.

പഞ്ചായത്തിന് വസ്തു നൽകുന്നതിന് താല്പര്യ പത്രം സമർപ്പിച്ച ശ്രീ ശ്യാംകുമാർ, ശ്യാമഭവൻ, പഞ്ചായത്തിന് കച്ചവടമാക്കുന്ന വസ്തുവിന്റെ ആധാരത്തിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത് പരിശോധിച്ചതിൽ ഈ വസ്തുവിന്റെ ആധാരം ടിയാന്റെ പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത് 16.03.2022-ലാണെന്ന് കണ്ടു (പഞ്ചായത്ത് വസ്തു വാങ്ങുന്നതിന് താല്പര്യ പത്രം ക്ഷണിച്ച അതേ തീയതിയിൽ തന്നെയാണ് ആധാരം രജിസ്റ്റർ ചെയ്യപ്പെട്ടതെന്ന് പ്രത്യേകം പ്രസ്താവ്യമാണ്). ശ്രീ വിനോദ് കുമാർ, പട്ടരുമഠത്തിൽ വീട്, പയ്യനാമൺ എന്ന വ്യക്തിയിൽ നിന്നും 10 ലക്ഷം രൂപ തീറ് വിലനൽകി വാങ്ങി 16.03.2022 തീയതിയിൽ കോന്നി സബ് രജിസ്ട്രാർ ഓഫീസിൽ ആധാരം രജിസ്റ്റർ ചെയ്ത വസ്തുവാണ് ഏതാനും ദിവസങ്ങൾക്കുള്ളിൽ ശ്രീ ശ്യാംകുമാർ പഞ്ചായത്തിന് 96.89 ലക്ഷം രൂപയ്ക്ക് വിൽക്കാൻ കരാറാക്കിയത്.

**ഓഡിറ്റ് നിഗമനം / ശുപാർശകൾ**

വസ്തുവാങ്ങലിനായി ഗ്രാമപഞ്ചായത്ത് അധികൃതർ നടത്തിയ ഇടപാടുകളിൽ പ്രഥമദൃഷ്ട്യാ തികഞ്ഞ അസ്വാഭാവികത നിലനിൽക്കുന്നതായി മേൽ വിവരിച്ച വസ്തുതകൾ വെളിവാക്കുന്നു. പുതിയ സെക്രട്ടറി ചുമതലയേറ്റതിനുശേഷം വസ്തു വാങ്ങൽ ഇടപാടുകൾ മുന്നോട്ട് പോയിട്ടില്ലെങ്കിലും ഇതിനോടകം സ്വീകരിക്കപ്പെട്ടിട്ടുള്ള നടപടികൾ പഞ്ചായത്തിന്റെ ഉത്തമ താല്പര്യത്തിന് അനുഗുണമായിരുന്നില്ല. ഇടപാടുകളിൽ ഉൾപ്പെട്ട വ്യക്തികളുടെ താൽപര്യവും പഞ്ചായത്തിന്റെ താൽപര്യവും പരസ്പരപൂരകമായിരുന്നില്ല എന്നാണ് ഓഡിററിൽ വിലയിരുത്താൻ സാധിച്ചിട്ടുള്ളത്. ഇടപാടുകൾ മൊത്തത്തിൽ വിലയിരുത്തിയതിൽ താല്പര്യങ്ങളുടെ വിരുദ്ധത (Conflict Of Interest) പ്രകടമാണ്. ഭരണഘടനാനുസൃതമായും നിയമപരമായും ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യങ്ങൾ സംരക്ഷിക്കാൻ ചുമതലപ്പെട്ടവർ ഇതിന് വിരുദ്ധമായി പ്രവർത്തിച്ചിട്ടുണ്ടോയെന്നും ഇടപാടിൽ ഏർപ്പെട്ടവർക്ക് അവിഹിതമായ സ്വാധീനം (Undue Influence) ചെലുത്താൻ സാധിക്കുന്ന വിധത്തിലുള്ള ഏതെങ്കിലും തരത്തിലുള്ള ബന്ധം നിലനിൽക്കുന്നുണ്ടോയെന്നും വിശദമായ അന്വേഷണത്തിലൂടെ ബോധ്യപ്പെടേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഭരണതലത്തിലുള്ള വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-23 ആധികാരികമല്ലാത്ത 5.28 ലക്ഷം രൂപയുടെ ചെലവുകൾ

വൗച്ചറുകൾ പരിശോധിച്ചതിൽ നിലവിലുള്ള നിയമങ്ങളും, ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പാലിക്കാതെയും നടപടി ക്രമങ്ങൾ മറികടന്നും പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവ് നടത്തിയിട്ടുള്ളതായി കാണുന്നു. ക്രമവിരുദ്ധമായ ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെലവിന്റെ വിവരം | തുക | ചെക്ക് നം.,/ബിൽ നം., തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | കോവിഡ് 19-ന്റെ ഭാഗമായി കോന്നി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും രോഗികളെ താലൂക്ക് ആശുപത്രിയിലും,മെഡിക്കൽ കോളേജിലും എത്തിച്ചതിന്റെ ആംബുലൻസ് വാടക ശ്രീ | 16860 | 347762 07-Jun-2021 | ട്രിപ്പ് ഷീറ്റുകളുടെ അടിസ്ഥാനത്തിൽ തുക നൽകി. ക്ലെയിം ഉത്തരവാദപ്പെട്ടവർ ആരും തന്നെ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആംബുലൻസ് ഉപയോഗിച്ച |

| | | | | |
|---|---|---|---|---|
| | വിഷ്ണു പി.വി.-യ്ക്ക് നൽകിയത് | | | രോഗിയുടെ പേര്, വിലാസം, ബന്ധപ്പെട്ട വാർഡ് മെമ്പറുടെയോ, ആരോഗ്യ പ്രവർത്തകരുടെയോ സാക്ഷ്യപ്പെടുത്തൽ തുടങ്ങിയ യാതൊരു ആധികാരിക രേഖകളും ലഭ്യമാക്കാതെ തുക നൽകിയിരിക്കുന്നു. |
| 2 | കോന്നി മാർക്കറ്റിൽ അപകടകരമായി നിന്ന വൃക്ഷങ്ങൾ മുറിച്ച് മാറ്റിയതിന് ശ്രീ സന്തോഷിന് നൽകിയത് | 18000 | 347766 08-Jun-2021 | പൊതു സ്ഥലത്ത് നിൽക്കുന്ന വൃക്ഷങ്ങൾ മുറിക്കുന്നതിന് ജില്ലാ തലത്തിൽ/പ്രാദേശിക തലത്തിൽ രൂപീകരിച്ചിട്ടുള്ള 'ട്രീ' കമ്മിറ്റിയുടെ അനുമിതി തേടിയിട്ടില്ല (14.07.2017-ലെ 248/ആർ.സി.3/2016/തസ്വഭവ നമ്പർ സർക്കുലർ കാണുക). മുറിച്ച മരങ്ങളുടെ വാല്യേഷൻ വനവകുപ്പ് അധികൃതർ മുഖാന്തിരം തിട്ടപ്പെടുത്തികയോ, പരസ്യ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുകയോ ചെയ്തിട്ടില്ല. |
| 3 | കോന്നി നാരായണപുരം മാർക്കറ്റിലെ മാലിന്യങ്ങൾ ജെ.സി.ബി. & ടിപ്പർ ഉപയോഗിച്ച് വാരി കുഴിച്ച മൂടുന്നതിന് ശ്രീ അഷ്റഫ് എം-ന് നൽകിയത് | 17100 | 5561381 24-Jun-2021 | ടിപ്പർ ഓടിയത് സംബന്ധിച്ചും, ജെ.സി.ബി. പ്രവർത്തിപ്പിച്ച സമയം സംബന്ധിച്ചും, എത്ര അളവിൽ മാലിന്യം നീക്കം ചെയ്തു എന്നതു സംബന്ധിച്ചും ക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥൻ പരിശോധിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല. പ്രവൃത്തി നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. ചെലവിന് പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതി ഇല്ല. |
| 4 | കോവിഡിന്റെ ഭാഗമായി പഞ്ചായത്തിന്റെ 18 വാർഡുകളിലും അണുനശീകരണം നടത്തിയ ഇനത്തിൽ ശ്രീ ലിന്റോ തോമസ്, തെർമോ ഇന്റസ്ട്രീസിന് നൽകിയത് | 88770 | 5561701 16-Sep-2021 | ടി സ്ഥാപനത്തെ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ അണുനശീകരണം നടത്തുന്നതിന് ചുമതലപ്പെടുത്തി പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടില്ല. തെർമോ ഇന്റസ്ട്രീസ് എന്ന സ്ഥാപനത്തെ ഈ പ്രവൃത്തി ഏൽപ്പിച്ചത് സുതാര്യമായ ടെണ്ടർ നടപടികളിലൂടെയല്ല. സ്ഥാപനം ഹാജരാക്കിയിട്ടുള്ള ക്ലെയിമിന്റെ ആധികാരികത ഉത്തരവാദിത്തപ്പെട്ടവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | | കോവിഡ് വാളണ്ടിയേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തി അണുനശീകരണ പ്രവൃത്തികൾ നടത്തുന്നതിനാണ് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നത്. |
| 5 | കോവിഡ് 19-ന്റെ ഭാഗമായി കോന്നി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും രോഗികളെ താലൂക്ക് ആശുപത്രിയിലും, മെഡിക്കൽ കോളേജിലും എത്തിച്ചതിന്റെ ആംബുലൻസ് വാടക ശ്രീ വിഷ്ണു പി.വി.-യ്ക്ക് നൽകിയത് | 48507 | 349960 18-Oct-2021 | ആംബുലൻസ് ഉപയോഗിച്ച രോഗികളുടെ പേര്, വിലാസം തുടങ്ങിയ യാതൊരു വിവരങ്ങളും ഇല്ല. ബന്ധപ്പെട്ട വാർഡ് മെമ്പർ/കോവിഡ് നോഡൽ ഓഫീസർ/ആരോഗ്യ പ്രവർത്തകർ എന്നിവർ ആരും തന്നെ ക്ലെയിമിന്റെ സാധുത പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ട്രിപ്പ് ഷീറ്റുകളുടെ അടിസ്ഥാനത്തിൽ മാത്രം തുക നൽകിയിരിക്കുന്നു. |
| 6 | കോന്നി മാർക്കറ്റിലെ ഫിഷ് സ്റ്റാൾ കറണ്ട് ചാർജ്ജ് | 88363 | 5561731 11-Nov-2021 | കോന്നി നാരായണപുരം മാർക്കറ്റിലെ ഫിഷ്സ്റ്റാളിലെ 1146029030339, 1146021030338 എന്നീ കൺസ്യൂമർ നമ്പറുകളിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ യഥാക്രമം 42310/- ,46053/- എന്നിങ്ങനെ ആകെ 88363/- രൂപയുടെ ബില്ലാണ് ഒടുക്കിയിട്ടുള്ളത്. ഫിഷ് സ്റ്റാൾ ലേലത്തിൽ എടുത്തിട്ടുള്ള വ്യക്തികൾ കുടിശിക വരുത്തിയ തുകയാണ് പഞ്ചായത്ത് ഒടുക്കവരുത്തിയിട്ടുള്ളതെന്നാണ് കാണുന്നത്. ലേല കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കറണ്ട് ചാർജ്ജ് പഞ്ചായത്ത് ഒടുക്കിയത് ക്രമപ്രകാരമല്ല. 12.02.2020 ലെ പഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ മിനിട്സ് പരിശോധിച്ചതിൽ ഭരണസമിതി അംഗങ്ങൾ കരണ്ട് ചാർജ്ജ്/വാട്ടർചാർജ്ജ് എന്നിവ പഞ്ചായത്ത് ഒടുക്കവരുത്തുന്നതിനോട് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടു. ലേലക്കാർ കുടിശികയാക്കിയ തുക പഞ്ചായത്തിൽനിന്നും ഒടുക്കവരുത്തിയത് |

| | | | | |
|---|---|---|---|---|
| | | | | ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുമില്ല. |
| 7 | മുരിങ്ങമംഗലം ഇടത്താവളത്തിലെ ഇലക്ട്രിക്കൽ ജോലികൾ ചെയ്ത വകയിൽ ചെലവ് - അയ്യപ്പദാസ് കെ.ബി., ഇലക്ട്രിക്കൽ കോൺട്രാക്ടർക്ക് നൽകിയത് | 25349 | 5561736 30-Nov-2021 | എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമിതി വാങ്ങാതെയും, ക്ഷമതയുള്ള ഒരു അധികാരി മൂല്യനിർണ്ണയം നടത്താതെയുമാണ് പ്രവൃത്തി നടത്തി തുക നല്കിയിരിക്കുന്നത്. പ്രവൃത്തി നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച്, കമ്മിറ്റിയുടെ അനുമതി വാങ്ങാതെ പ്രവൃത്തി ഏകപക്ഷീയമായി ഏൽപ്പിച്ച നൽകുകയും, ബിൽ തുക നൽകുകകയും ചെയ്തു. പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളുടെ ലംഘനം. |
| 8 | ശബരി മല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിച്ച ഇനത്തിൽ ചെലവ് തുക സോണിയ എഞ്ചിനീയറിംഗ് വർക്സ് എന്ന സ്ഥാപനത്തിന് നൽകിയത് | 15251 | 5561736 30-Nov-2021 | എസ്റ്റിമേറ്റ് ഇല്ല, വാല്യുവേഷൻ ഇല്ല. ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. ചെലവിന് കമ്മിറ്റിയുടെ അംഗീകാരം ഇല്ല. |
| 9 | കോവിഡ് 19-ന്റെ ഭാഗമായി കോന്നി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും രോഗികളെ താലൂക്ക് ആശുപത്രിയിലും,മെഡിക്കൽ കോളേജിലും എത്തിച്ചതിന്റെ ആംബുലൻസ് വാടക ശ്രീ വിഷ്ണു പി.വി.-യ്ക്ക് നൽകിയത് | 17520 | 506495 30-Nov-2021 | ആംബുലൻസ് ഉപയോഗിച്ച രോഗികളുടെ പേര്, വിലാസം തുടങ്ങിയ യാതൊരു വിവരങ്ങളും ഇല്ല. ബന്ധപ്പെട്ട വാർഡ് മെമ്പർ/കോവിഡ് നോഡൽ ഓഫീസർ/ആരോഗ്യ പ്രവർത്തകർ എന്നിവർ ആരും തന്നെ ക്ലെയിമിന്റെ സാധുത പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ട്രിപ്പ് ഷീറ്റുകളുടെ അടിസ്ഥാനത്തിൽ മാത്രം തുക നൽകിയിരിക്കുന്നു. |
| 10 | മത്സ്യമാർക്കറ്റ് സ്റ്റാളുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കിയത് (Cons. No. 30339 & 30338) | 40327 | 5561757 12-Jan-2022 | 2021-22 വർഷം മത്സ്യമാർക്കറ്റ് ലേലത്തിൽ നൽകിയിട്ടില്ല. അടഞ്ഞുകിടക്കുന്ന മത്സ്യമാർക്കറ്റിന്റെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ വൻതുക ഒടുക്കുവരുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല. |
| 11 | കോന്നി ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് പരിസരത്തുനിന്നും മാലിന്യം നീക്കം ചെയ്ത തിൻ | 24400 | 5561760 01-Feb-2022 | ടിപ്പർ ഓടിയത് സംബന്ധിച്ചും, ജെ.സി.ബി. പ്രവർത്തിപ്പിച്ച സമയം സംബന്ധിച്ചും, എത്ര അളവിൽ മാലിന്യം നീക്കം |

| | | | | |
|---|---|---|---|---|
| | ജെ.സി.ബി., ടിപ്പർ ചാർജ്ജ് ഇനത്തിൽ ശ്രീ അഷ്റഫിന് നൽകിയത് | | | ചെയ്ത എന്നതു സംബന്ധിച്ചും ക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥൻ പരിശോധിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല. പ്രവൃത്തി നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. |
| 12 | പൗരാവകാശ രേഖ പ്രിന്റ് ചെയ്ത ഇനത്തിൽ ഐഡിയൽ ഓഫ്സെറ്റ് പ്രസ്സ്, കോന്നി എന്ന സ്ഥാപനത്തിന് നൽകിയത് | 44688 | 5561761 01-Feb-2022 | ക്വട്ടേഷൻ ക്ഷണിച്ചല്ല പ്രിന്റിംഗ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പൗരാവകാശ രേഖയുടെ സ്റ്റോക്ക്, വിതരണ രേഖകൾ സൂക്ഷിച്ചിട്ടില്ല. |
| 13 | ശബരി മല തീർത്ഥാടനത്തോടനുബന്ധിച്ച് സഞ്ചായത്ത് കടവിലെ ചെളി നീക്കം ചെയ്തതിന് JCB ചാർജ്ജ് ശ്രീ രല്ലു പി. രാജുവിന് നൽകിയത് | 29700 | 5561769 08-Feb-2022 | പൊതു മരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങൾ പാലിക്കാതെ പ്രവൃത്തി നടത്തി. എസ്റ്റിമേറ്റ്, ചെയ്ത പ്രവൃത്തിയുടെ വാല്യുവേഷൻ എന്നിവ ഒരു ക്ഷമതയുള്ള അധികാരി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ക്വട്ടേഷൻ ക്ഷണിക്കാതെ പ്രവൃത്തി ഏൽപ്പിച്ച നൽകി. തുക കൈപ്പറ്റിയിരിക്കുന്നത് പഞ്ചായത്തിലെ തൊഴിലുറപ്പ വിഭാഗം എഞ്ചിനീയറായ ശ്രീ രല്ലു പി. രാജുവാണ്. ടിയാനെ പ്രവൃത്തിയുടെ നിർവ്വഹണം ചുമതലപ്പെടുത്തുകയോ, തുക കൈപ്പറ്റുന്നതിന് അധികാരപ്പെടുത്തുകയോ ചെയ്തകൊണ്ട് കമ്മിറ്റിയുടെ തീരുമാനം ഇല്ല. എന്ത് അടിസ്ഥാനത്തിലാണ് ടിയാന് തുക നൽകിയതെന്ന് വ്യക്തമല്ല. |
| 14 | കോന്നി മാർക്കറ്റിൽനിന്നും മാലിന്യങ്ങൾ നീക്കം ചെയ്ത ഇനത്തിൽ JCB, ടിപ്പർ എന്നിവ ഉപയോഗിച്ചതിന് ശ്രീ അഷ്റഫ് എന്നയാൾക്ക് നൽകിയത് | 41400 | 5561787 02-Mar-2022 | ടിപ്പർ ഓടിയത് സംബന്ധിച്ചും, ജെ.സി.ബി. പ്രവർത്തിപ്പിച്ച സമയം സംബന്ധിച്ചും, എത്ര അളവിൽ മാലിന്യം നീക്കം ചെയ്ത എന്നതു സംബന്ധിച്ചും ക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥൻ പരിശോധിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല. പ്രവൃത്തി നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. |
| 15 | പഞ്ചായത്തിലേക്ക് ചായ ലഘു ഭക്ഷണം, ഊണ്, ബിരായാണി എന്നിവ വാങ്ങിയ ഇനത്തിൽ അശോക ഹോട്ടൽ പ്രൊപ്രൈറ്റർക്ക് നൽകിയത് | 12264 | 353006 30-Mar-2022 | 2021 ഒക്ടോബർ മാസം മുതൽ 2022 ഫെബ്രുവരി മാസം വരെ വിവിധ തീയതികളിൽ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തതിന്റെ തുകയാണ് ഈ ബിൽ പ്രകാരം നൽകിയിട്ടുള്ളത്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | കാലയളവിലെ റിഫ്രഷ്മെന്റ് ചാർജ്ജുകൾ മുൻ മാസങ്ങളിൽ ചെലവ് ചെയ്തിട്ടുള്ളതാണ്. 2021 ഒക്ടോബർ മാസം 3305 രൂപയും, 13.10.21 മുതൽ 20.11.21വരെയുള്ള കാലയളവിൽ 3840 രൂപയും, 2021 നവംബർ മാസം 6770 രൂപയും, 2021 ഡിസംബർ മാസം 8965 രൂപയും, 2022 ജനുവരി മാസം 6274 രൂപയും റിഫ്രഷ്മെന്റ് ചാർജ്ജ് നൽകിയിട്ടുള്ളതാണ് (ആകെ - 29154). ഇതിന് പുറമേയാണ് 12264 രൂപയുടെ ചെലവ് നടത്തിയിട്ടുള്ളത്. കമ്മിറ്റി ചെലവിന് അനുമതി നല്കിയിട്ടുമില്ല. |
| | ആകെ | 528499 | |

ടി ന്യൂനതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 35/15.11.2022) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക (₹528499) തടസ്സപ്പെടുത്തുന്നു.

## 1-24 പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡിൽ നിർമ്മാണ പ്രവൃത്തി നടത്തി

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം സ്പിൽ ഓവറായി വാർഷിക **പദ്ധതിയിൽ ഉൾപ്പെടുത്തിയ കുപക്കര വട്ടമൺ റോഡ്- പാറപ്പള്ളിപടി മഹാത്മഗാന്ധി ജംഗ്ഷൻ-കോൺക്രീറ്റിംഗ് &ടാറിംഗ് (വാർഡ് 9) എന്ന പ്രോജക്റ്റിന്റെ** കോൺക്രീറ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തതിനാൽ ടാറിംഗ് പ്രവൃത്തികൾ ചെയ്യേണ്ടതില്ല എന്ന 25/02/2022-ലെ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് എസ്റ്റിമേറ്റ് പുതുക്കി കരാറുകാരന് ഫൈനൽ ബിൽ നൽകിയത്. 2020-21 വർഷം പാർട്ട് ബിൽ പ്രകാരം 354969 രൂപയും 2021-22 വർഷം 101479 രൂപയും ഉൾപ്പടെ 456448 രൂപ പ്രോജക്റ്റിനായി ചെലവഴിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ടി സ്ഥലത്ത് അന്വേഷണം നടത്തിയതിൽ റോഡ് പൊതു മരാമത്ത് വകുപ്പ് ഏറ്റെടുത്തുവെന്നും റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി സ്ഥലം അളന്നുതിട്ടപ്പെടുത്തി കല്ലിടുകയും സ്ഥലമുടമകൾക്ക് നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്ന് വ്യക്തമായിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത്. റോഡ് പൊതുമരാമത്ത് വകുപ്പിന് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച കമ്മിറ്റി തീരുമാനം ഉൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല. ടി റോഡ് ഏറ്റെടുക്കുന്നതിനായി തുക അനുവദിച്ചത് സംബന്ധിച്ച് 23/10/20-ന് ബഹു.എം.എൽ.എ.-യുടെ അറിയിപ്പ് മാധ്യമങ്ങളിൽ വന്നിട്ടുണ്ട്. ഇതിൽ നിന്നും റോഡ് ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ അതിനുമുൻപ് തന്നെ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. 05/11/2020-നാണ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടന്നതായി എം-ബുക്കിൽ (87/20-21)രേഖപ്പെടുത്തലുകൾ ഉള്ളത്. റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തതിന് ശേഷമാണ് റോഡ് കോൺക്രീറ്റിംഗ് നടന്നത് എന്ന് വ്യക്തമാണ്. ഇതുമൂലം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ച 456448 രൂപയുടെ ചെലവ് പാഴായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. മരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡിൽ നിർമ്മാണ പ്രവൃത്തി നടത്തി ഫണ്ട് പാഴാക്കിയത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുവാൻ ഭരണവകുപ്പിനോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-25 എഗ്രിമെന്റ് വ്യവസ്ഥകൾ ലംഘിച്ച കരാറുകാർക്കെതിരെ നടപടിയില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22സാമ്പത്തിക വർഷം സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ നിർവ്വഹണ ഉദ്യോഗസ്ഥനുമായി എഗ്രിമെന്റ് വച്ചിരുന്നുവെങ്കിലും നിർമ്മാണ പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. എഗ്രിമെന്റ് കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർ പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നത് അപേക്ഷ നൽകിയിട്ടില്ല. യഥാസമയം പ്രവൃത്തി പൂർത്തിയാക്കാതെ കരാർ ലംഘനം നടത്തിയ കരാറുകാർക്കെതിരെ ചട്ടപ്രകാരമുള്ള യാതൊരു

തുടർനടപടികളും സ്വീകരിച്ചിട്ടുമില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം., | പ്രോജക്റ്റ് നം. | പ്രവൃത്തിയുടെ പേര്, അടങ്കൽ | കരാകരാറുകരന്റെ പേര്, | എഗ്രിമെന്റ് തീയതി | എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട കാലയളവ് |
|---|---|---|---|---|---|
| 1 | 239/22 | പുത്തൻപുരയ്ക്കൽപ്പടിവ മണ്ണുവിളപ്പടി റോഡ് കോൺക്രീറ്റിംഗ്, | സാംസൺ സാമുവേൽ | 20/11/2019 | 4 മാസം |
| 2 | 247/22 | മുരുപ്പേൽപ്പടി പത്തലുകത്തി റോഡ് സംരക്ഷണ ഭിത്തി സംരക്ഷണ ഭിത്തി | ഷിജു കെ വർഗ്ഗീസ് | 17/08/2020 | 4മാസം |
| 3 | 262/22 | ഇടത്താവളം സഞ്ചയത്ത് കടവ് സ്റ്റെപ്പ് നിർമ്മാണം, | കെ.എ. തങ്കച്ചൻ | 22/10/2020 | 4മാസം |
| 4 | 264/22 | അട്ടച്ചാക്കൽ എൽ.പി.സ്കൂൾ ഓർത്തഡോക്സ് പള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ് | മുകേഷ് ദാസ് ഇ.റ്റി | 11/08/2020 | 4മാസം |
| 5 | 268/22 | നന്ദനാർ കോളനി നടപ്പാത സ്റ്റെപ്പ് നിർമ്മാണം, | മുഹമ്മദ് അനീസ് | 22/10/2020 | 4മാസം |
| 6 | 274/22 | എലിയറയ്ക്കൽ നിഷഭവൻ പടി അരുൺ നിവാസ് പടി റോഡ് പുനരുദ്ധാരണം | സാംസൺ സാമുവേൽ | 20/08/2020 | 4മാസം |
| 7 | 276/22 | കൊന്നപ്പാറ എസ്.സി. കോളനി റോഡ് സ്ലാബ് നിർമ്മാണം | കെ.എ.തങ്കച്ചൻ | 28/10/2020 | 4മാസം |
| 8 | 284/22 | ഐത്തിപ്പടി റോഡ് കോൺക്രീറ്റിംഗ് | ജയപ്രകാശ് ആർ | 14/10/2020 | 4മാസം |

പ്രവൃത്തികൾ യഥാസമയം കരാറുകാർ ഏറ്റെടുക്കാത്തത് മൂലം പ്രോജക്ടുകൾ സ്പിൽ ഓവറായി തുടരുകയാണ്. ഇതുമൂലം വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച ഫണ്ട് പാഴാകുകയാണ്. കരാർ ചമച്ച് നിശ്ചിത സമയം കഴിഞ്ഞിട്ടും സൈറ്റ് ഏറ്റെടുത്ത് പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ കേരള പൊതുമരാമത്ത് മാന്വൽ 2116.1, 2116.2.1 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഈ വിഷയം അടിയന്തിര ഭരണതല നടപടികൾക്കായി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-26 ടേക്ക് എ ബ്രേക്ക്(വഴിയിടം)-നവീകരിച്ച ടോയ്‌ലറ്റുകൾ പൂട്ടിയിട്ട നിലയിൽ

ടേക്ക് എ ബ്രേക്ക് (വഴിയിടം) പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷൻ ഫണ്ട് ഉപയോഗിച്ച് നാരായണപുരം മാർക്കറ്റ്, പഞ്ചായത്ത് ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിലെ ടോയ്‌ലറ്റ് കോംപ്ലക്സുകൾ നവീകരിച്ച് ഒരു വർഷം കഴിഞ്ഞിട്ടും പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടില്ല. ഭൗതിക പരിശോധനയിൽ ടോയ്‌ലറ്റുകൾ പൂട്ടിയിട്ട നിലയിൽ കാണപ്പെട്ടു.

1. നാരായണ പുരം മാർക്കറ്റ്

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 1847752രൂപ ഉപയോഗിച്ച് 2017-18 വർഷം നിർമ്മാണം പൂർത്തീകരിച്ച നാരായണപുരം മാർക്കറ്റിലെ സാനിട്ടറി കോംപ്ലക്സ് കെട്ടിടം ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷൻ ഫണ്ട് ഉപയോഗിച്ച് നവീകരിച്ചിട്ടുണ്ട്. 2020-21 വർഷം ആവിഷ്കരിച്ച പ്രോജക്റ്റ് (297/21) 2021-22 വർഷം സ്പിൽ ഓവറായി അംഗീകാരം വാങ്ങി പ്രവൃത്തി 17.11.21 ൽ പൂർത്തീകരിച്ചിട്ടുണ്ട് (എം ബുക്ക് 13/21-22) പ്രോജക്ടിനായി 2021-22 വർഷം ചെലവഴിച്ചത് 297560 രൂപയാണ് (8572/14.03.2022). ഭൗതിക പരിശോധനയിൽ ടോയ്‌ലറ്റ് കോംപ്ലക്സ്

നാളിതുവരെ പൊതുജനങ്ങൾക്ക് ഉപയോഗത്തിനായി തുറന്നുനൽകിയിട്ടില്ലെന്ന് കണ്ടു.

2. പഞ്ചായത്ത് ബസ് സ്റ്റാൻഡ്

പഞ്ചായത്ത് ബസ് സ്റ്റാൻഡിൽ നിലവിലുണ്ടായിരുന്ന ടോയ്‌ലറ്റ് കോംപ്ലക്സ് ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി നവീകരിക്കുന്നതിന് 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷൻ ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുകയും സ്പിൽ ഓവറായി 2021-22 വർഷം (288/22)നടപ്പിലാക്കുകയും ചെയ്തു. പ്രോജക്ടിനായി 452371 രൂപ (18583/14.03.22) ആകെ ചെലവഴിച്ചിട്ടുണ്ട്. 15/11/21ൽ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും ഒരു വർഷത്തിനു ശേഷവും ടോയ്‌ലറ്റ് കോംപ്ലക്സ് പൂട്ടിയിട്ട നിലയിലാണ്.




ടേക്ക്-എ-ബ്രേക്ക് ടോയ്‌ലറ്റ് പൂട്ടിയിട്ട നിലയിൽ

മാർക്കറ്റിലുള്ള കടകളിലും ഗ്രാമപഞ്ചായത്ത് എം.സി.എഫിലുമായി സ്ത്രീകൾ ഉൾപ്പടെ നിരവധിപ്പേർ ജോലി ചെയ്യുന്നുണ്ട്. 2017-18 വർഷം നിർമ്മാണം പൂർത്തീകരിച്ച ടോയ്‌ലറ്റ് കോംപ്ലക്സ് രണ്ട് മാസം മാത്രമാണ് പ്രവർത്തിച്ചത്. നവീകരിച്ചതിനുശേഷവും വാട്ടർ കണക്ഷൻ എടുക്കുന്നതിലുണ്ടായ കാലതാമസം കാരണം ഒരു വർഷമായി ടോയ്‌ലറ്റ് കോംപ്ലക്സുകൾ പൂട്ടിക്കിടക്കുന്നതിന് ഇടയാക്കി. കെട്ടിടത്തിന്റെ ചുറ്റുപാടും കാട് പിടിച്ച നിലയിലാണ്. നിരവധിപ്പേർ യാത്രയ്ക്കായി ആശ്രയിക്കുന്ന ഗ്രാമപഞ്ചായത്ത് വക ബസ്സ്റ്റാൻഡിലെ നവീകരിച്ച ടോയ്ലറ്റ് കോംപ്ലക്സിന്റെ അവസ്ഥയും ഇതു തന്നെയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. ഈ വിഷയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ടോയ്‌ലറ്റ് കോംപ്ലക്സുകൾ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമെന്ന് പ്രസിഡന്റ് അറിയിച്ചു.

സ.ഉ.(സാധാ.)നം.1401/2020/തസ്വഭവ, തീ. 27.07.2020 നമ്പർ ഉത്തരവ് അനുസരിച്ച് 'ടേക്ക് എ ബ്രേക്ക്' പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ ഇവയുടെ പരിപാലനവും നടത്തിപ്പും സംബന്ധിച്ച് വ്യക്തമായ നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും പരിധിയിലുള്ള കുടുംബശ്രീ മിഷൻ (സംരഭ) യൂണിറ്റുകൾക്കായിരിക്കണം ഇവയുടെ നടത്തിപ്പ്/പരിപാലന ചുമതല നൽകേണ്ടത്. തദ്ദേശസ്വയംഭരണ സ്ഥാപനവും, കുടുംബശ്രീ സംരംഭക ഗ്രൂപ്പുകളും തമ്മിൽ ശുചിമുറിയുടെ നടത്തിപ്പ്/പരിപാലനത്തിന് കരാറിൽ ഏർപ്പെടേണ്ടതാണ്. ശുചിമുറി സമുച്ചയത്തിനൊപ്പം റിഫ്രഷ്മെന്റ് കേന്ദ്രം കൂടി പ്രവർത്തിപ്പിച്ച് അധിക വരുമാനം കണ്ടെത്തണം. സ്ഥല പരിമിതി മൂലം ഇത് സാധ്യമാകാതിരിക്കുകയും, പരിപാലന ചുമതലയുള്ള കുടുംബശ്രീ ഗ്രൂപ്പിന് നിശ്ചിത വരുമാനം ഉറപ്പാക്കാനാവാത്ത സാഹചര്യമുണ്ടാവുകയും ചെയ്താൽ ജീവനക്കാർക്ക് വേതനം നൽകുന്നതിന് ആവശ്യമായി വരുന്ന അധിക തുക (വയബിലിറ്റി ഗ്യാപ്പ് ഫണ്ട്) പദ്ധതി വച്ച് അതാത് തദ്ദേശസ്ഥാപനങ്ങൾ പരിപാലന ചുമതലയുള്ള കുടുംബശ്രീ ഗ്രൂപ്പിന് നൽകണം. സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് തുടർനടപടികൾ സ്വീകരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

## 1-27 പേരൂർക്കുളം ഗവ.എൽ.പി.സ്കൂൾ - സമയബന്ധിത നടപടികൾ അനിവാര്യം

ശ്രീ നിത്യചൈതന്യയതി ഉൾപ്പടെ നിരവധി പ്രമുഖർക്ക് വിദ്യാഭ്യാസം പകർന്നു നൽകിയ പേരൂർക്കുളം ഗവ.എൽ.പി.സ്കൂൾ, കെട്ടിടം അൺഫിറ്റായതിനെ തുടർന്ന് സ്കൂൾ കോമ്പൗണ്ടിൽ തന്നെ പ്രവർത്തിക്കുന്ന ബി.ആർ.സിയുടെ കോൺഫറൻസ് ഹാളിലാണ് പ്രവർത്തിക്കുന്നത്. അലൂമിനിയം ഷീറ്റ് ഉപയോഗിച്ച് നാലുവശവും മറച്ച്, അതിലാണ് ഓഫീസും അധ്യാപകർക്കുള്ള സൗകര്യങ്ങളും ഒരുക്കിയിരിക്കുന്നത്. നിലവിലുള്ള ഈ അവസ്ഥയിൽ ദീർഘകാലം അധ്യയനം നടത്തുക എന്നത് അസാധ്യമാണ് എന്നതിനാൽ തന്നെ അടിയന്തിരമായി കെട്ടിട നിർമ്മാണം പൂർത്തിയാകേണ്ടതുണ്ട്.

400-ൽ അധികം കുട്ടികൾ പഠിച്ചിരുന്ന സ്കൂളിൽ നിലവിൽ 40 കുട്ടികൾ മാത്രമാണുള്ളത്. കെട്ടിടത്തിന്റെ അപര്യാപ്തതയാണ് കുട്ടികൾ കുറയുന്നതിന് പ്രധാന കാരണം. പുതിയ സ്കൂൾ കെട്ടിട നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും തുടർവർഷങ്ങളിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയില്ല. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത്

വകുപ്പ് മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 1.5 കോടി രൂപ വകയിരുത്തുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 90 വർഷത്തിലധികം പഴക്കമുള്ള നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിൽ വലിയ കാലതാമസം ഉണ്ടാകുന്നതായി കാണുന്നു. കെട്ടിടം ലേലം ചെയ്തപ്പോൾ വാല്യുവേഷന്റെ ഇരട്ടിയിലധികം തുകയ്ക്കാണ് ലേലം ഉറപ്പിച്ചത്. 8/22-ൽ നടന്ന ലേലം അംഗീകരിച്ചത് 31/10/22-ൽ നടന്ന കമ്മിറ്റിയിലാണ്. നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിച്ചുമാറ്റി സ്ഥലം കൈമാറുന്നതിൽ കാലതാമസമുണ്ടാകുന്നത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനെ ബാധിക്കും. മാത്രമല്ല ബജറ്റ് പ്രകാരം പ്രോജക്ടിന് ലഭ്യമാക്കിയ തുക സമയബന്ധിതമായി ചെലവഴിക്കേണ്ടതായിട്ടുമുണ്ട് എന്നതിനാൽ കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-28 ബംഗ്ലാവ് മുരുപ്പ് കുടിവെള്ള പദ്ധതി- വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് മുൻപേ തുക ഡെപ്പോസിറ്റ് ചെയ്തു

2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കോന്നി ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ബംഗ്ലാവ് മുരുപ്പ് കുടിവെള്ള പദ്ധതി (പ്രോ.നം. **191/22**) എന്ന പേരിൽ പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് വാട്ടർ അതോറിറ്റി 2805000 രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി നൽകിയിട്ടുള്ളത്. ഓഡിറ്റ് വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 1000000 രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതം 1000000 രൂപയും ഉൾപ്പടെ ആകെ 2000000 ലക്ഷം രൂപയാണ് പ്രോജക്ടിൽ വകയിരുത്തിയിരുന്നത്. പദ്ധതിയ്ക്ക് വകയിരുത്തിയിരുന്ന ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം 1000000 രൂപ 23.03.22-ൽ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ പദ്ധതി സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം പൂർണ്ണമായി കണ്ടെത്താതെയാണ് പ്രോജക്ടിനുള്ള തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമായി. പ്രസ്തുത പ്രോജക്ടിന് ആവശ്യമായ കിണർ കുഴിക്കുവാനുള്ള സ്ഥലം ബംഗ്ലാവ് മുരുപ്പ് കുടിവെള്ള പദ്ധതി ഗുണഭോക്തൃസമിതി കണ്ടെത്തിയിട്ടുണ്ടെന്നും, എന്നാൽ വാട്ടർ ടാങ്ക് നിർമ്മിക്കുവാനുള്ള സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഫോറസ്റ്റ് വക 3 സെൻറ് സ്ഥലം വിട്ടു നൽകുന്നതിന് ബഹു.ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് അഭ്യർത്ഥിച്ചിട്ടുള്ളതായും ഫയൽ പരിശോധിച്ചതിൽ കാണുന്നു. എന്നാൽ പദ്ധതിയുടെ കിണർ കുഴിക്കുന്നതിനുള്ള സ്ഥലം ദാനമായി ലഭിച്ചിട്ടുള്ളത് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതായോ, ടാങ്ക് സ്ഥാപിക്കുന്നതിനുള്ള 3 സെന്റ് സ്ഥലം വനംവകുപ്പിൽനിന്നും വിട്ടുകിട്ടിയതായോ അറിയാൻ സാധിച്ചിട്ടില്ല.

പൊതു പണം ഉപയോഗിച്ചുള്ള പദ്ധതികൾ സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ നടപ്പിലാക്കുകയാണെങ്കിൽ ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത ശേഷം പദ്ധതി നടപ്പിലാക്കേണ്ടതാണെന്ന് 25.06.2018-ലെ 222/ഡി.എ.3/2018/തസ്വഭവ നമ്പർ സർക്കുലറിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. പദ്ധതിയുടെ കിണർ കുഴിക്കുന്നതിനുള്ള സ്ഥലം ദാനമായി ലഭിച്ചത് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് ലഭിച്ചിട്ടുള്ളതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കണമെന്നും, ടാങ്ക് സ്ഥാപിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള വനം വകുപ്പിന്റെ അധീനതയിലുള്ള വസ്തു പഞ്ചായത്തിന് കൈമാറി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതിയും അറിയിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. കൂടാതെ ഓഡിറ്റ് വർഷം പദ്ധതിയ്ക്ക് 2000000 രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. എസ്റ്റിമേറ്റ് തുകയിൽ അവശേഷിക്കുന്ന 805000 രൂപ തുടർന്നുള്ള വാർഷിക പദ്ധതിയിൽ വകയിരുത്തി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോയെന്ന വിവരവും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ വിഷയത്തിൽ യാതൊരു വിശദീകരണവും ബന്ധപ്പെട്ടവർ ലഭ്യമാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ പ്രോജക്ടിന് പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവഴിച്ച 1000000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കുടിവെള്ള പദ്ധതിക്കാവശ്യമായ കിണർ സ്ഥാപിക്കുന്നതിനു വസ്തുവിന്റെ ഉടമസ്ഥത പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ആർജ്ജിക്കുന്നതിനും പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനും ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-29 പരേതൻ ക്ഷേമപെൻഷൻ ഒപ്പിട്ട് വാങ്ങിയതായി രേഖ

ചെങ്ങറ സർവ്വീസ് സഹകരണ ബാങ്ക് മുഖേന പെൻഷൻ കൈപ്പറ്റി വന്നിരുന്ന (Direct To Home) ശ്രീ തോമസ് ജോൺ 16.09.2021-ൽ മരണപ്പെട്ടിട്ടുള്ളതായി മരണ രജിസ്ട്രേഷൻ രേഖകൾ സൂചിപ്പിക്കുന്നു. സേവന പെൻഷൻ സൈറ്റ് പരിശോധിച്ചതിൽ 2021 സെപ്റ്റംബർ മുതൽ ഡിസംബർ മാസം വരെയുള്ള പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടുവെന്ന് ഡി.ബി.റ്റിയിൽ രേഖപ്പെടുത്തി തടഞ്ഞുവെച്ച് തിരിച്ചടച്ചിട്ടുള്ളതായി കണ്ടു. എന്നാൽ 2022 ജനുവരി മാസത്തെ പെൻഷൻ തുകയായ 1600 രൂപ പെൻഷണർ കൈപ്പറ്റിയതായി ഡി.ബി.റ്റി-യിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞതിൽ പ്രസ്തുത തുക പലിശ സഹിതം തിരിച്ചടയ്ക്കാൻ ചെങ്ങറ സർവ്വീസ് സഹകരണ ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. മരണപ്പെട്ടയാളുടെ ഒരു മാസത്തെ പെൻഷൻ ആരോ

തട്ടിയെടുത്തുവെന്ന് സ്പഷ്ടം. മരണപ്പെട്ടയാളുടെ പെൻഷൻ അപഹരിച്ചവർക്കെതിരെ ഉചിതമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും, തുക പലിശ സഹിതം ഇത്തരവാദിയായവരിൽനിന്നും തിരികെ ഈടാക്കി ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതുമാണ്.

## 1-30 മരിച്ചവർ ക്ഷേമപെൻഷൻ വാങ്ങുന്നു

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകളും, ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ രേഖകളും പരിശോധിച്ചതിൽനിന്നും ഓഡിറ്റ് കാലയളവിൽ മരണപ്പെട്ടുപോയ 3 പേരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തുടർന്നും പെൻഷൻ ക്രഡിറ്റ് ചെയ്തിട്ടിട്ടുള്ളതായി വ്യക്തമായി. ഈ ഇനത്തിൽ **41200** രൂപ പൊതു ഖജനാവിന് നഷ്ടമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി. | ഗുണഭോക്താവ് മരണപ്പെട്ട തീയതി | മരണ രജി. നം. തീയതി | മരണശേഷം ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത തുക |
|---|---|---|---|---|---|
| 1 | സരോജിനി വലിയപുരയിടത്തിൽ,വകയാർ, കോന്നി | 104060600851 | 04/12/2021 | 224/2021 16/12/2021 | 16000 |
| 2 | ഇന്ദിരദേവിയമ്മ W/Oരാധാകൃഷ്ണൻ നായര് ജി., ശ്രീദീപം, മങ്ങാരം, കോന്നി | 104060203578 | 11/11/2021 | 204/2021 18/11/2021 | 6000 |
| 3 | ഉണ്ണികൃഷ്ണൻ നായർ കെ.കലാലയം, മങ്ങാരം, കോന്നി | 104060200493 | 01/10/2021 | 179/2021 16/10/2021 | 19200 |
| | ആകെ | | | | 41200 |

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്. പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇക്കാര്യത്തിലുള്ള വീഴ്ചമൂലമുണ്ടാകുന്ന നഷ്ടത്തിന് തദ്ദേശഭരണ സ്ഥാപനത്തിലെ സെക്രട്ടറി ഉത്തരവാദിയാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള തുക തിരിച്ചടയ്ക്കുന്നതിന് ബാങ്കുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-31 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി (പ്രൊ.നം.18/22) - പണി നടത്താത്ത ഗുണഭോക്താവിൽനിന്നും മുൻകൂർ തുക തിരികെ ഈടാക്കണം

2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗം വികസന ഫണ്ടിൽനിന്നും 1000000 രൂപ വകയിരുത്തി പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. അസി.സെക്രട്ടറിയാണ് പ്രോജക്ട് നിർവ്വഹിച്ചിരിക്കുന്നത്. പ്രോജക്ടിന്റെ ഗുണഭോക്താവായിരുന്ന ശ്രീമതി പ്രതിജ്ഞ കെ. കൃഷ്ണൻ, ലക്ഷ്മി നിവാസ്, മങ്ങാരം, കോന്നി എന്നയാൾ 17/12/2021-ലെ 232 നമ്പർ ട്രഷറി ബിൽ പ്രകാരം 50000 രൂപ മുൻകൂർ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല. വീടിനോട് ചേർന്ന് 100 ച.അടിയിലധികാരിക്കാതെ പഠന മുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ ധനസഹായം വിതരണം ചെയ്യുന്നതിനായിരുന്നു പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ടിയാൾ പഞ്ചായത്തുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം 2021-22 വർഷം പണി പൂർത്തിയാക്കി എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അവശേഷിച്ച തുക കൈപ്പറ്റേണ്ടതായിരുന്നു. ടിയാൾ പ്രവൃത്തി പൂർത്തിയാക്കാതെ കരാർ ലംഘനം നടത്തിയിട്ടുള്ള സാഹചര്യത്തിൽ ഒന്നാം ഗഡുവായി കൈപ്പറ്റിയിട്ടുള്ള 50000 രൂപ പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-32 പട്ടികജാതി വിഭാഗം ഫണ്ട് ഷീസിബിൾ അല്ലാത്ത പ്രോജക്ടിന് വകയിരുത്തി ലാപ്സാക്കി

2021-22- ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വികസനഫണ്ടിൽനിന്നും 220500 രൂപ വകയിരുത്തി അസിസ്റ്റന്റ് സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ പ്രോജക്ട് നം.384/22 പ്രകാരം വയോജനങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന പേരിൽ പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങുകയുണ്ടായി. എസ്.സി. കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷന് യഥാർത്ഥ ചെലവ് നൽകുന്നതിനായിരുന്നു പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ പ്രോജക്ടിന് അപേക്ഷ ക്ഷണിച്ചതിൽ വയോജനങ്ങളിൽനിന്നും ഒരു അപേക്ഷ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ആയത് പ്രകാരം ശ്രീമതി മണി എം.കെ., മല്ലേലിൽ പുത്തൻ വീട്, അട്ടച്ചാക്കൽ എന്ന ഗുണഭോക്താവിന് 9000 രൂപ സബ്സിഡി നൽകി. പ്രോജക്ടിൽ അവശേഷിച്ച 211500 രൂപയിൽ 54000 രൂപ മറ്റൊരു പ്രോജക്ടിനായി വകമാറ്റുകയും, ബാക്കി 157500 വിനിയോഗിക്കാനാവാതെ ലാപ്സാകുകയും ചെയ്തു. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ആവശ്യകത നിർണ്ണയിക്കാതെ ഗണ്യമായ തുക ഷീസിബിൾ അല്ലാത്ത പദ്ധതിക്ക് വകയിരുത്തി ഫണ്ട് ലാപ്സാക്കുകയാണുണ്ടായത്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ, പ്രത്യേകിച്ചും പ്രത്യേക പരിഗണന ആവശ്യമായ വിഭാഗങ്ങൾക്കുള്ള പ്രോജക്ടുകൾ സാങ്കേതിക ക്ഷമതയുള്ളതും പ്രായോഗികമായി നടപ്പിലാക്കാവുന്നതുമാണെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

## 1-33 പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ സെക്രട്ടറി വീഴ്ച വരുത്തി

2021-22-ലെ വാർഷിക പദ്ധതിയിൽ സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ 67 പ്രോജക്ടുകളായിരുന്നു ആവിഷ്കരിച്ചിരുന്നത്. ഇവയിൽ 1.96 കോടി രൂപ അടങ്കലുണ്ടായിരുന്ന 29 പ്രോജക്ടുകൾ തൻ വർഷം നടപ്പിലാക്കിയിട്ടില്ല. മൊത്തം പ്രോജക്ടുകളിൽ 43 ശതമാനം പ്രോജക്ടുകളും നടപ്പിലാക്കിയില്ല. നടപ്പിലാക്കാത്ത 29 പദ്ധതികളിൽ 6 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളായിരുന്നു. സ്പിൽ ഓവർ പ്രോജക്ടുകൾ സ്പിൽ ഓവർ ആകുന്ന വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കി ഫണ്ട് വിനിയോഗിക്കുന്ന കാര്യത്തിൽ സെക്രട്ടറിയുടെ ഭാഗത്ത് ഗൗരതരമായ വീഴ്ചയാണ് ഉണ്ടായിട്ടുള്ളത്. വീഴ്ചയ്ക്ക് വിശദീകരണം ആരാഞ്ഞെങ്കിലും യാതൊരു വിശദീകരണവും ബന്ധപ്പെട്ടവർ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഭരണ സമിതിയുടെ സവിശേ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-34 ഉപയോഗശൂന്യമായ വാഹനങ്ങൾ കണ്ടം ചെയ്ത് ലേലം ചെയ്യണം

കോന്നി ഗ്രാമപഞ്ചായത്ത് വക KL-03-D-6155നമ്പർ മഹീന്ദ്ര ജീപ്പ് സർക്കാർ ഉത്തരവ് പ്രകാരം ഹരിത കർമ്മ സേനയ്ക്ക് ഉപയോഗിക്കുന്നതിനായി രണ്ട് തവണ ലൈസൻസ്ഡ് വർക്ക് ഷോപ്പിൽ അറ്റകുറ്റപ്പണി നടത്തിയെങ്കിലും ആയത് പൂർണ്ണമായും ഉപയോഗപ്രദമാകാത്ത സാഹചര്യത്തിൽ കണ്ടം ചെയ്ത് ലേല നടപടികൾ സ്വീകരിക്കുന്നതിന് 22.12.2021-ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നാളിതുവരെ നടപ്പിലാക്കുന്നതിന് സെക്രട്ടറി നടപടി സ്വീകരിച്ചിട്ടില്ല.

കൂടാതെ പഞ്ചായത്തിലെ നാരായണപുരം മാർക്കറ്റിലുള്ള ബയോഗ്യാസ് പ്ലാന്റിൽ ഉപയോഗത്തിലിരുന്ന രണ്ട് ഗുഡ്സ് ഓട്ടോറിക്ഷകൾ ദീർഘകാലമായി ഉപയോഗിക്കാതെ മാർക്കറ്റ് പരിസരത്ത് കിടന്ന് തുരുമ്പെടുത്ത് നശിക്കുന്നു. ഇവയും ലേലം ചെയ്യുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

ഉപയോഗശൂന്യമായ ടി വാഹനങ്ങൾ PWD മെക്കാനിക്കൽ എഞ്ചിനീയറിൽനിന്നും Un Economy Certificate, Survey Report എന്നിവ വാങ്ങി ഏത്രയും വേഗം ലേലം ചെയ്ത് പഞ്ചായത്ത്ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 അങ്കണവാടിക്കെട്ടിടങ്ങളുടെ അധിക വാടക പഞ്ചായത്ത് നൽകുന്നില്ല

സർക്കാർ നിർദ്ദേശമുണ്ടായിട്ടും അങ്കണവാടിക്കെട്ടിടങ്ങളുടെ അധിക വാടക നൽകുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 12 അങ്കണവാടികളാണ് പഞ്ചായത്തിലുള്ളത്. വാടക നൽകുന്നതിന് കേന്ദ്രസർക്കാർ നൽകുന്ന പ്രതിമാസ തുക 1000 രൂപയാണ്. ഇവയിൽ ആറ് എണ്ണത്തിന്റെ വാടക 1000രൂപയിൽ അധികമാണ്. അധികമായി നൽകേണ്ടിവരുന്ന തുക അങ്കണവാടി വർക്കർമാർ തന്നെയാണ് നൽകുന്നത്.

ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം അധികവാടക നൽകേണ്ടി വരുന്ന അങ്കണവാടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സെന്റർ നമ്പർ | യഥാർത്ഥ പ്രതിമാസ | ലഭിക്കുന്ന തുക | കേണ്ടിനൽ അധികം |
|---|---|---|---|

| | വാടക | | പ്രതിമാസം വരുന്ന തുക |
|---|---|---|---|
| 47 | 3000 | 1000 | 2000 |
| 62 | 1700 | 1000 | 700 |
| 42 | 3000 | 1000 | 2000 |
| 35 | 2000 | 1000 | 1000 |
| 48 | 2500 | 1000 | 1500 |
| 46 | 2500 | 1000 | 1500 |

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടകയിനത്തിൽ കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കുന്ന വാടകയും യഥാർത്ഥ വാടകയും തമ്മിലുള്ള വ്യത്യാസം അതത് തദ്ദേശഭരണ സ്ഥാപനം വഹിക്കേണ്ടതാണെന്ന് 22.03.2011ലെ സർക്കുലർ നം.31055/ഡി.സി.2/2011/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇതു പ്രകാരം വാടക നൽകാൻ നാളിതുവരെ ഗ്രാമപ്പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ടി സർക്കുലറിലെ നിർദ്ദേശം പാലിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം - അധികം നൽകിയ തുക തിരികെ ലഭിച്ചില്ല

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം (പ്രോ.നം. 220/2022) എന്ന പ്രോജക്ട് പ്രകാരം കാലിത്തീറ്റ വാങ്ങുന്നതിനായി 1842990 രൂപ കേരളാ ഫീഡ്സിൽ നിക്ഷേപിച്ചിരുന്നു. 1840990 രൂപയുടെ കാലിത്തീറ്റയാണ് വിതരണത്തിനായി ലഭ്യമായത്. അധികം നൽകിയ തുക 2000 രൂപ കേരളാ ഫീഡ്സിൽ നിന്നും നാളിതുവരെ തിരികെ ലഭ്യമായിട്ടില്ല . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക തിരികെ ഈടാക്കുന്നതിന് കേരള ഫീഡ്സിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത്. തുക തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-37 ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തു. ആനുകൂല്യങ്ങൾ നൽകിയില്ല

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ വിവിധ പ്രോജക്ടുകളിലായി 2021-22 വർഷം ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് ചെലവഴിച്ചില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | തുക പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ച തീയതി |
|---|---|---|---|
| 1 | 220/2022, കാലിത്തീറ്റ വിതരണം | 11830 | 31.03.2022 |
| 2 | 221/2022, മുട്ടകോഴി (എസ്സ് സി പി) | 1200<br>5400 | 26.03.2022<br>30.03.2022 |
| 3 | 219/2022, മുട്ടക്കോഴി (ജനറൽ) | 40200<br>14100<br>75300<br>21000<br>900<br>6000 | 15.03.2022<br>21.03.2022<br>24.03.2022<br>25.03.2022<br>26.03.2022<br>30.03.2022 |
| | **ആകെ** | **157500** | |

ഗുണഭോക്താക്കളിൽ നിന്നും തുക പിരിച്ചെടുത്തെങ്കിലും ആനുകൂല്യം നൽകുന്നതിനാവശ്യമായ വിവരങ്ങൾ (കാലിത്തീറ്റ, മുട്ടക്കോഴികൾ) ലഭ്യമാക്കിയില്ല.

ഗുണഭോക്താക്കളിൽ നിന്നും തുക പിരിച്ചെടുത്ത ശേഷം ആനുകൂല്യങ്ങൾ നൽകാതിരിക്കുന്നത് ശരിയായ നടപടിയല്ല. ആനുപാതികമായി പദ്ധതി വിഹിതം വകയിരുത്തി പ്രോജക്ട് സ്പിൽ ഓവറായി നടപ്പിലാക്കി ഗുണഭോക്തൃ വിഹിതം ചെലവഴിക്കുകയോ അല്ലാത്ത പക്ഷം അവശേഷിക്കുന്ന തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-38 ലൈഫ് ഭവന പദ്ധതി - ഭൂമി വാങ്ങി നൽകി - ഭവനനിർമ്മാണം ആരംഭിച്ചില്ല

ലൈഫ് ഭവന പദ്ധതിയ്ക്കായി 2021-22 വർഷം ഭൂമി വാങ്ങി നൽകിയ ഗുണഭോക്താവ് നാളിതുവരെ ഭവന നിർമ്മാണ ആരംഭിച്ചില്ല.

ശ്രീ അരവിന്ദ് രാജ്, വേങ്ങ നിൽക്കുന്നതിൽ, പയ്യനാമൺ പിഒ എന്ന വിലാസത്തിലുള്ള ഗുണഭോക്താവിന് ഭവന നിർമ്മാണം ആരംഭിക്കുന്നതിനായി തൻ വർഷം ലൈഫ് പദ്ധതി (പ്രോ.നം. 83/2022) മുഖേന 200000 രൂപ ചെലവഴിച്ച് ഭൂമി വാങ്ങി നൽകിയെങ്കിലും നാളിതുവരെ ഭവന നിർമ്മാണത്തിനായി കരാർ വയ്ക്കുകയോ മുൻകൂർ തുക കൈപ്പറ്റുകയോ ചെയ്തിട്ടില്ല. ഭവന നിർമ്മാണം നടത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 മുൻകൂർ തുക നൽകി - മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്വാന്തനം - പാലിയേറ്റീവ് കെയർ പദ്ധതി, സ്പർശം - ചികിത്സാ ധനസഹായം എന്നീ പ്രോജക്ടുകളുടെ ഭാഗമായി മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുകകൾ മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രഫോർമാ ഇൻവോയിസ് നമ്പർ/തീയതി | മുൻകൂർ നൽകിയ തുക | മരുന്നുകളും ഉപകരണങ്ങളും ലഭ്യമായതിന്റെ വിവരം |
|---|---|---|---|---|
| 1 | 36/2022 | PRF 2785/27.10.2021 | 158000 | ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ട്. 42485 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ ശേഷിക്കുന്നു. |
| 2 | 38/2022 | PRF 7165 / 21.03.2022 | 200000 | 69145 മരുന്നുകൾ ലഭ്യമാക്കാൻ ശേഷിക്കുന്നു. |
| 3 | 36/2022 | PRF 6669 / 08.03.2022 | 200000 | മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടില്ല |
| 4 | 38/2022 | PRF 2434 /01.102021 | 100000 | 16716 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല |

മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-40 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല

2021-22 സാമ്പത്തിക വർഷം ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങുന്നതിനായി 250000 രൂപ (ബി.ആർ.എൻ നം-21051052011300812553 Dtd 17.12.2021) ഹോംകോയ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. തുക മുൻകൂറായി നല്കിയെങ്കിലും മരുന്നുകൾ ഇതേവരെ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് (15/21-22 Dtd 11.11.22) മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-41 അനന്തമായി നീളുന്ന കൃഷി ഭവൻ കെട്ടിട നിർമ്മാണം

കൃഷി ഭവന് കെട്ടിടം നിർമ്മിക്കുന്നതിനായി 2019-20-ൽ പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും നിലവിലും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ബ്ലോക്ക് വിഹിതത്തിൽ നിന്നും 20 ലക്ഷം രൂപ വകയിരുത്തി കെട്ടിടത്തിന്റെ സ്ട്രക്ചർ ലെവൽ വരെയുള്ള നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. ഈ പ്രോജക്ട് സ്പിൽ ഓവറായി തുടർന്ന് 2021-22-ലാണ് പൂർത്തീകരിച്ചത്. കൃഷി ഭവൻ നിർമ്മാണം (രണ്ടാം ഘട്ടം) എന്ന പ്രോജക്ട് 2020-21 വർഷം ആവിഷ്കരിച്ചു. ഈ പ്രോജക്ടിന്റെ എസ്റ്റിമേറ്റിലും കെട്ടിടത്തിന്റെ ഫ്ളോറിംഗ്, പെയിന്റിംഗ്, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് തുടങ്ങിയ പ്രവൃത്തികളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. രണ്ടാം ഘട്ടം പ്രവൃത്തികൾ 2021-22 വർഷവും പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടില്ല. കൃഷി ഭവൻ നിർമ്മാണം (മൂന്നാം ഘട്ടം) എന്ന പ്രോജക്ട് 2021-22 വർഷം ആവിഷ്കരിച്ചുവെങ്കിലും ടെണ്ടർ ചെയ്ത് എഗ്രിമെന്റിൽ ഏർപ്പെട്ടിരിക്കുന്നത് 6/22-നാണ്. കെട്ടിടനിർമ്മാണം പൂർത്തിയാക്കി ഉപയോഗിക്കുവാൻ കഴിയത്തക്കവണ്ണം എല്ലാം ഘടകങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ബഹുവർഷ പ്രോജക്ട് ആയി ആവിഷ്കരിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഈ കാലതാമസം ഒഴിവാക്കാമായിരുന്നു. കൃഷി

ഭവൻ ഇപ്പോഴും വാടക കെട്ടിടത്തിൽ തുടരുന്നു. മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണത്തിലെ ഈ അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-42 അസിസ്റ്റന്റ് എൻജിനീയറുടെ പ്രോജക്ട് നിർവ്വഹണം- പൊതുവായ അപാകതകൾ

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

**മെയിന്റനൻസ് ഗ്രാന്റ്- പാഴാക്കിയത് 3.45 കോടി രൂപ**

മെയിന്റനൻസ് ഗ്രാന്റ് (റോഡ്), നോൺ റോഡ് ഇനങ്ങളിൽ 2021-22 വർഷം പഞ്ചായത്തിന് ലഭ്യമായ ഫണ്ടിൽ ഗണ്യമായ ഭാഗം ചെലവഴിക്കാതെ ലാപ്സാക്കിയതായി കാണുന്നു. ടെണ്ടർ നടപടികളിൽ ഉൾപ്പടെയുണ്ടായ കാലതാമസം പ്രോജക്ടുകളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് തടസ്സമായി. ആകെ ലഭ്യമായ മെയിന്റനൻസ് ഗ്രാന്റിന്റെ 23% ചെലവഴിക്കുന്നതിന് മാത്രമേ ഗ്രാമപഞ്ചായത്തിന് സാധിച്ചുള്ളൂ. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവഴിച്ചത് | നീക്കിയിരിപ്പ് |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 37104642 | 9002147 | 28102495 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 8035848 | 1616684 | 6419164 |
| | 45140490 | 10618831 | 34521659 |

**2) എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണം**

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രൊജക്ടുകളുടെ പരിശോധനയിൽ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റിന്റെ അവിഭാജ്യ ഘടകമായ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കിയിരിക്കുന്നത് അപൂർണ്ണമായാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ എപ്രകാരം തയ്യാറാക്കണമെന്നും എന്തെല്ലാം വിശദാംശങ്ങൾ അതിൽ അടങ്ങിയിരിക്കണമെന്നും 2012 ലെ പുതുക്കിയ പി.ഡബ്ള്യു.ഡി. മാനുവലിൽ വിശദമാക്കിയിട്ടുണ്ട്. പുതിയ പ്രവൃത്തികളുടെ കാര്യത്തിൽ സെക്ഷൻ 1601.1.2(ii) ലും മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ സെക്ഷൻ 2601 മുതലുള്ള ഭാഗത്തും ഇക്കാര്യങ്ങൾ പ്രതിപാദിക്കുന്നു. എന്നാൽ പ്രധാനമായും റോഡുകളുടെ കാര്യത്തിൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. താഴെ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച വ്യക്തത ഈ റിപ്പോർട്ടുകൾ നല്കുന്നില്ല.

1) റോഡുകളുടെ ആകെ നീളവും എവിടെ ആരംഭിക്കുന്നെന്നും അവസാനിക്കുന്നെന്നുമുള്ള വിവരങ്ങൾ, ആസ്തി നമ്പർ എന്നിവ

2) അറ്റകുറ്റപ്പണിയാണെങ്കിൽ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിന്റെ നിലവിലെ അവസ്ഥ.

3) പുതിയ നിർമ്മിതിയാണെങ്കിൽ ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും.

4) പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ (ഉദാ: ബ്ലോക്ക് , ജില്ലാ പഞ്ചായത്തുകൾ) നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ

5) പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ.

6) പ്രവൃത്തി പൂർത്തീകരിക്കാനുദ്ദേശിക്കുന്ന കാലയളവ്.

7) മറ്റ് പ്രസക്തമായ കാര്യങ്ങൾ.

ഇപ്രകാരം പോരായ്മകൾ ഉള്ള എസ്റ്റിമേറ്റുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദാംശങ്ങൾ ആവശ്യപ്പെട്ട് മടക്കുന്നതായും കാണുന്നില്ല. അപൂർണ്ണമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കിവരുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. പ്രൊജക്ടുകൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമാക്കുക, പ്രോജക്ടു പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ഉപയോഗം സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാക്കുക തുടങ്ങിയ ആസൂത്രണ ലക്ഷ്യങ്ങൾ ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഇത് മൂലം കഴിയുന്നില്ല. എസ്റ്റിമേറ്റുകളുടെ സമഗ്രത സംബന്ധിച്ച സാങ്കേതികാനുമതി നല്കുന്ന ഉദ്യോഗസ്ഥന്റെ അജ്ഞതയ്ക്കുള്ള ഒരു കാരണം അപൂർണ്ണമായ എസ്റ്റിമേറ്റ് റിപ്പോർട്ടാണെന്നു കാണാം. കൂടാതെ, വരും വർഷങ്ങളിൽ മേൽ ആസ്തികളുടെ കാര്യത്തിൽ നടത്തേണ്ട ഇടപെടലുകളെ കുറിച്ച് അജ്ഞതയുണ്ടാകാനും അപൂർണ്ണമായ എസ്റ്റിമേറ്റ് റിപ്പോർട്ട് ഇടയാക്കുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ പരിഹരിക്കുവാൻ സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം അറിയിക്കേണ്ടതാണ്.

**കാലഹരണപ്പെട്ട നിബന്ധനകൾ ഉൾപ്പെടുത്തി മരാമത്ത് പ്രവൃത്തികളുടെ കരാറിൽ ഏർപ്പെടുന്നു**

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ വച്ചത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടല്ലെന്നും വളരെ പ്രധാനമായ മിക്ക വ്യവസ്ഥകളും കാലഹരണപ്പെട്ടതാണെന്നും വ്യക്തമായി. പ്രവൃത്തി പൂർത്തീകരണത്തിനുള്ള

സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികൾ നിർവ്വഹിക്കേണ്ട സ്പെസിഫിക്കേഷൻ, പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ എന്നിവയിലാണ് പ്രധാനമായും അപാകത കാണുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

**സ്പെസിഫിക്കേഷൻ**

എല്ലാ പ്രവൃത്തികളുടേയും കരാറുടമ്പടി ഒരേ ഫോറത്തിൽ തന്നെയാണ് തയ്യാറാക്കിവരുന്നത്. എഗ്രിമെന്റിലെ നാലാമത്തെ വ്യവസ്ഥയിൽ, പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ ഗുണനിലവാരം, പ്രവൃത്തിയുടെ അളവുകൾ, കരാറുടമ്പടിയുടെ ഭാഗമായി വരുന്ന നിബന്ധനകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസ്സിലാക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽക്കതന്നെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR) ബാധകമാക്കിയിട്ടുണ്ട്. ഇതിന്റെ ഡാറ്റാ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് സെൻട്രൽ പി.ഡബ്ല്യു.ഡി.സ്പെസിഫിക്കേഷനെയാണെന്ന് കാണാം. കൂടാതെ ഗ്രാമീണ റോഡുകളുടെ നിർമ്മിതിക്ക് മോർഡ് സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. മേൽ സ്പെസിഫിക്കേഷനുകൾക്ക് അനുസൃതമായി പ്രവൃത്തികൾ നിർവ്വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് പകരമാണ് കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രതിപാദിച്ചിരിക്കുന്നത്.

**പിഴ സംബന്ധിച്ച വ്യവസ്ഥയിലെ അപാകത**

കരാറിന്റെ ഏഴാമത്തെ വ്യവസ്ഥ പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ സംബന്ധിച്ചുള്ളതാണ്. 2012 ൽ പുതുക്കിയ പി.ഡബ്ല്യു.ഡി. മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിന് പകരം അതിനുമുമ്പുള്ള മാന്വലിലെ വ്യവസ്ഥകളാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. അതായത് പുതുക്കിയ മാന്വൽ പ്രകാരം കരാറുകാരന്റെ വീഴ്ചമൂലം കാലതാമസം വരുന്ന കാര്യത്തിൽ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം കൂടി PACയുടെ 1% പിഴ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. ഇത് മതിയാകാത്ത സന്ദർഭങ്ങളിൽ PAC യുടെ 2% പിഴ ഈടാക്കി വീണ്ടും 25% സമയം കൂടി അനുവദിക്കാവുന്നതാണ്. അതായത് ഇപ്രകാരം പിഴ ചുമത്തി അനുവദിച്ച സമയത്തിന്റെ ആകെ 50% സമയം അനുവദിക്കാവുന്നതും ഇപ്രകാരം അനുവദിക്കുന്നതിന് പൂർത്തീകരണ കാലയളവിനുമുമ്പ് തന്നെ കരാറുകാരൻ ഇതിനായി അപേക്ഷിക്കേണ്ടതുമാണ്. എന്നാൽ, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% ഗ്രേസ് പീരീയിഡ് അനുവദിക്കുമെന്നും (പിഴയില്ലാതെ) അതിനുശേഷം വരുന്ന മൂന്നുമാസത്തേക്ക് കരാർ തുകയുടെ 1% വും തുടർന്നുവരുന്ന ഓരോ മൂന്ന് മാസത്തേക്കും 2% വും നിരക്കിൽ പിഴ ഈടാക്കുന്നതാണെന്നുമാണ് കരാറിൽ വ്യവസ്ഥചെയ്തിരിക്കുന്നത്.

**മരാമത്ത് പ്രവൃത്തി പൂർത്തീകരണ സമയക്രമം**

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്നത് ഏറ്റവും ശ്രദ്ധേയമാണ്. പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തിവിവര പട്ടിക, പ്രവർത്തനകലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും കരാറുകാരൻ പൂർത്തിയാക്കുമെന്നാണ് വ്യവസ്ഥകളിൽ രണ്ടാമതായി പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ ഇപ്രകാരം പ്രവൃത്തി വിവര പട്ടികയോ, പ്രവർത്തന കലണ്ടറോ കരാറിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പ്രോജക്ടിൽ ഏകവർഷ പ്രൊജക്ടെന്ന് രേഖപ്പെടുത്തുകയും കരാർ സാമ്പത്തിക വർഷാവസാനം വയ്ക്കുകയും ചെയ്യുന്ന സാഹചര്യവുമുണ്ട്. സാമ്പത്തിക വർഷത്തിന്റെ അവസാനം എഗ്രിമെന്റിൽ ഏർപ്പെടുന്ന മിക്ക പ്രവൃത്തികളും സ്പിൽ ഓവറാകുന്ന സാഹചര്യമാണുള്ളത്. ഏകവർഷ പ്രൊജക്ടുകൾ മാർച്ച് 31 നകം പൂർത്തീകരിക്കപ്പെടേണ്ടതുണ്ടെന്ന വസ്തുത പരിശോധിക്കുന്നില്ല.

പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിലും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളിലും സ്ഥാപനത്തിന് കരാറുകാരുമായി ഉണ്ടാകാനിടയുള്ള അഭിപ്രായ ഭിന്നതകൾ കോടതി മുന്നാകെ എത്തുമ്പോൾ ഏറ്റവും പ്രധാനമായി പരിഗണിക്കപ്പെടുന്നത് ഇരുകക്ഷികളും ചേർന്ന് ഒപ്പിടുന്ന കരാറാണെന്നിരിക്കെ കരാറിലെ വ്യവസ്ഥകൾ ഇപ്രകാരം തയ്യാറാക്കിയതിന് വിശദീകരണം നൽകേണ്ടതും അപാകത പരിഹരിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കേണ്ടതുമാണ്.

**ജി.എസ്.റ്റി.കോമ്പൻസേഷൻ അനുവദിച്ച കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി സൂക്ഷിച്ചിട്ടില്ല**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് 01.11.2017 ലെ സ.ഉ. (അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. 01.11.2017 ലെ സ.ഉ. (അച്ചടി) നം. 87/2017 /തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09.2018 ൽ പുറപ്പെടുവിച്ച ജി.ഒ. (ആർ.ടി)നം. 2532/2018/ത.സ്വ.ഭ.വ. ഉത്തരവിൽ ജി.എസ്.ടി. കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor)

അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. 2021-22 ൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകത തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു

## 1-43 പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ തനത് ഫണ്ടിൽ ശേഷിക്കുന്നു

ശുചിത്വമിഷനിൽ നിന്നും സ്ലോട്ടർ ഹൗസ് നിർമ്മാണത്തിനായി 04/05/2013-ൽ ലഭിച്ച 20 ലക്ഷം രൂപയും റിംഗ് കംപോസ്റ്റ് നിർമ്മാണത്തിനായി ലഭിച്ച 9 ലക്ഷം രൂപയും ഉൾപ്പടെ 29 ലക്ഷം രൂപ ചെലവഴിക്കാതെ വർഷങ്ങളായി തനത് ഫണ്ടിൽ ശേഷിക്കുകയാണ്. വിനിയോഗ സാക്ഷ്യപത്രം നൽകാത്തതിനാൽ ടി തുക തിരിച്ചടയ്ക്കണമെന്ന് കാണിച്ച് ശുചിത്വ മിഷൻ കത്ത് നൽകിയെങ്കിലും തുക തിരികെ നൽകിയിട്ടില്ല. പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ ശേഷിക്കുന്നത് ഭരണതല നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഗ്രാമ ജ്യോതി തെരുവ് വിളക്ക് മെയിന്റനൻസ് - സുതാര്യമല്ലാത്ത ചെലവ്

2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ നടപ്പിലാക്കിയ ഗ്രാമജ്യോതി തെരുവ് വിളക്ക് മെയിന്റനൻസ് (പ്രോ.നം.11/22) എന്ന പ്രോജക്ടിന്റെ ഭാഗമായി തെരുവ് വിളക്ക് മെയിന്റനൻസ് നടത്തുന്നതിന് 06.12.21-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2(3) നമ്പർ തീരുമാന പ്രകാരം ശ്രീ സുനിൽ കുമാർ, സുനിൽ ഭവനം, കല്ലേലി എന്നയാളെ ഇലക്ട്രീഷനായി നിയമിച്ചു. ടിയാൻ 22.12.21-ൽ പഞ്ചായത്തുമായി മുദ്രപത്രത്തിൽ കരാർ വെച്ചു. പോൾ ഒന്നിന് 100 രൂപ നിരക്കിൽ പ്രവൃത്തി ചെയ്യുന്നതിനായിരുന്നു കരാർ. കരാർ വ്യവസ്ഥ പ്രകാരം പഞ്ചായത്ത് നിർദ്ദേശാനുസരണം പ്രവൃത്തി നടത്തേണ്ടതും, ആവശ്യമായ സാധന സാമഗ്രികൾ രസീത് സഹിതം കൈപ്പറ്റേണ്ടതും, സ്ക്രാപ്പ് ഉൾപ്പടെ ബാക്കി സാധനങ്ങൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കേണ്ടതുമാണ്. പ്രവൃത്തി തൃപ്തികരമായി ചെയ്തു അതത് മാസങ്ങളിൽ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് തുക മാറി നൽകുന്നതുമാണ്. പ്രോജക്ടിന്റെ ഭാഗമായി 1341 പോളുകളിൽ ലൈറ്റുകൾ സ്ഥാപിച്ച ഇനത്തിൽ 134100 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

കരാറുകാരൻ മാറ്റി സ്ഥാപിച്ചതും, അറ്റകുറ്റപ്പണി ചെയ്തതുമായ വിളക്കുകളുടെ എണ്ണം കാണിച്ചിട്ടുള്ളതിൽ പൊരുത്തക്കേടുണ്ട്. 20.01.22 തീയതിയിൽ കരാറുകാരൻ പഞ്ചായത്തിൽ നൽകിയ അപേക്ഷ പ്രകാരം 1292 LED ബൾബുകൾ മാറ്റി സ്ഥാപിച്ചതായും, 49 എണ്ണം മെയിന്റനൻസ് നടത്തിയതായും കാണിച്ചിരിക്കുന്നു. ഇപ്രകാരം 1341 പോളുകളിലെ ലൈറ്റുകൾ പ്രവർത്തന ക്ഷമമാക്കിയതിനാണ് കരാറുകാരന് 134100 രൂപ പ്രതിഫലം നൽകിയിട്ടുള്ളത്. എന്നാൽ ബന്ധപ്പെട്ട വാർഡ് മെമ്പർമാർ ഹാജരാക്കിയിട്ടുള്ള സാക്ഷ്യപത്രങ്ങൾ പ്രകാരവും, ഇലക്ട്രിക്കൽ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരവുമുള്ള കണക്ക് വ്യത്യസ്ഥമാണ്. വാർഡ് മെമ്പർമാർ ഹാജരാക്കിയിട്ടുള്ള സാക്ഷ്യപത്രങ്ങൾ പ്രകാരം 813 ബൾബുകൾ മാറ്റി സ്ഥാപിച്ചതായും,, 31 ലൈറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതായുമാണ് കാണുന്നത്. കൂടാതെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ 497 ലൈറ്റുകൾ മെയിന്റനൻസ് ചെയ്തതായി പഞ്ചായത്ത് പ്രസിഡന്റ് സ്വന്തം നിലയ്ക്കും സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. കരാറുകാരൻ പ്രവൃത്തിയുടെ പ്രതിഫലം ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തിന് നൽകിയ അപേക്ഷയിൽ 49 ലൈറ്റുകൾ മാത്രം അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതായി വ്യക്തമാക്കുമ്പോഴാണ് വാർഡ് മെമ്പർമാരും, പ്രസിഡന്റും 497+31=528 എണ്ണം കരാറുകാരൻ റിപ്പയർ ചെയ്തതായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്.

പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ സുനിൽകുമാറിനെ ഇലക്ട്രീഷനായി നിയമിച്ച 06.12.2021 മുതൽ പ്രവൃത്തി ചെയ്തതിന്റെ തുക ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ച 20.01.22 വരെ കാലയളവിനുള്ളിൽ പഞ്ചായത്തിന്റെ സ്റ്റോക്കിൽനിന്നും ടിയാന് 900 23w LED ബൾബുകൾ മാത്രമാണ് ഇഷ്യൂ ചെയ്തിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ (പേജ് 140) പ്രകാരം 14.12.21, 17.12.21, 22.12.21 എന്നീ തീയതികളിലായി ഇലക്ട്രീഷൻ ശ്രീ സുനിൽകുമാർ 300 വീതം ആകെ 900 ബൾബുകൾ കൈപ്പറ്റി. ആയതിനാൽ 20.01.22-ലെ ടിയാന്റെ അപേക്ഷയിൽ 1292 LED ബൾബുകൾ മാറ്റി സ്ഥാപിച്ചതായി പറയുന്നതിൽ അടിസ്ഥാനമില്ല. ഈ സാഹചര്യത്തിൽ 900 ബൾബുകൾ മാറ്റി സ്ഥാപിച്ചതിന്റെയും, 49 ലൈറ്റുകൾ

അറ്റകുറ്റപ്പണി നടത്തിയതിന്റെയും കണക്കുകൾ മാത്രമേ ഓഡിറ്റിൽ അംഗീകരിക്കാനാവൂ. ഇപ്രകാരം കരാറുകാരന് അനുവദിക്കാവുന്ന തുക (949x100) 94900 രൂപ മാത്രമാണ്. 39200 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഇലക്ട്രീഷന് തുക നൽകുന്നതിനുമുമ്പായി ഉത്തരവാദപ്പെട്ടവർ കരാറുകാരനും, ജനപ്രതിനിധികളും ഹാജരാക്കിയിട്ടുള്ള രേഖകളും, സ്റ്റോക്ക് രജിസ്റ്ററും പരിശോധിക്കുകയോ, കണക്കുകളുടെ കൃത്യത ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ലെന്ന് പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ വ്യക്തമായി. കരാറുകാരൻ പ്രവൃത്തി നത്തിയിട്ടുള്ള പോളുകളുടെ എണ്ണം, പോസ്റ്റ് നമ്പർ, ലൊക്കേഷൻ എന്നിവ കാണിക്കുന്ന വിശദമായ റിപ്പോർട്ട് കരാറുകാരനിൽനിന്നും ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ രജിസ്റ്ററും, സ്റ്റോക്ക് ഔട്ട് രജിസ്റ്ററും പൊരുത്തപ്പെടുത്തുകയും ചേയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഉപയോഗ ശൂന്യമായ ഉപകരണങ്ങൾ കരാറുകാരൻ തിരികെ കൊണ്ടുവന്നത് സ്റ്റോക്ക് ഇൻ രജിസ്റ്ററിൽ ചേർത്ത് കണക്കുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്തുകളുടെ തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/15നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല. തെരുവ് വിളക്കുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തലത്തിലോ വാർഡ് തലത്തിലോ മോണിട്ടറിംഗ് കമ്മിറ്റി കൂടുന്നില്ല.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/11.11.12) ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഓഡിറ്റിൽ അംഗീകരിക്കാത്ത ചെലവ് തുക 39200 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നും ഈടാക്കേണ്ടതാണ്.

തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഉത്തരവിലെ നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 71400 | നെൽകൃഷി വികസനം, 9/21-22 | 71400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | സുഭിക്ഷ കേരളം അടുക്കള ത്തോട്ടം, 385/21-22 | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2013900 | ഭവന നിർമ്മണം ലൈഫ് (എസ്സ്.സി), 83/21-22 | 2013900 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 856600 | ലൈഫ് പാർപ്പിട സുരക്ഷ പദ്ധതി(ജനറൽ), 82/21-22 | 856600 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | അംഗനവാടി പോഷകാഹാര പദ്ധതി, 31/21-22 | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 199950 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോഷർഷിപ്പ്, 33/21-22 | 199950 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 316711 | വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ, 350/21-22 | 316711 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 850000 | കിഴക്കേപ്പുറം പാഠശേഖരത്തിന് സംരക്ഷണ ഭിത്തി നിർമ്മാണം, 282/21-22 | 850000 | 0 |
| ബ്ലോക്ക് | 100000 | ക്ഷീരകർഷകർക്ക് പാലിന് | 100000 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | സബ്സിഡി, 295/21-22 | | |
| ജില്ലാ പഞ്ചായത്ത് | 47600 | നെൽകൃഷി വികസനം, 9/2021-22 | 47600 | 0 |
| ജില്ലാ പഞ്ചായത്ത് | 450353 | ഭവന നിർമ്മണം ലൈഫ് (എസ്സ്.സി), 83/21-22 | 450353 | 0 |
| ജില്ലാ പഞ്ചായത്ത് | 3947747 | ലൈഫ് പാർപ്പിട സുരക്ഷ പദ്ധതി(ജനറൽ), 82/21-22 | 3947747 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | അംഗനവാടി പോഷകാഹാര പദ്ധതി, 31/21-22 | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 295/21-22 | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | സാന്ത്വനം പാലിയേറ്റീവ് കെയർ, 36/21-22 | 200000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം./യു.റ്റി.ആർ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ, 184/22 | ഓൺലൈൻ ട്രാൻസ്ഫർ, 31.03.2022 | 1966293 | 0 | 2115600 |
| | | ഓൺലൈൻ ട്രാൻസ്ഫർ, 31.03.2022 | 149307 | | |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ, 350/22 | RBI0502215752913 | 35046 | 0 | 811711 |
| | | RBI0502215752914 | 279424 | | |
| | | RBI084227396293 | 21439 | | |
| | | RBI0842273962930 | 26524 | | |
| | | RBI0842273962929 | 132567 | | |
| | | RBI0502215752912 | 210275 | | |
| | | RBI0842273962932 | 106436 | | |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, 185/22 | RBI0822271431042 | 123682 | 0 | 359933 |
| | | RBI0822271431040 | 59933 | | |
| | | RBI0822271431041 | 176318 | | |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, 187/22 | ഓൺലൈൻ ട്രാൻസ്ഫർ, 8.02.2022 | 750000 | 0 | 1725000 |
| | | ഓൺലൈൻ ട്രാൻസ്ഫർ, 24.03.2022 | 435000 | | |
| | | ഓൺലൈൻ ട്രാൻസ്ഫർ, 31.03.2022 | 540000 | | |
| കേരള വാട്ടർ അതോറിറ്റി | ബംഗ്ലാവ് മുരുപ്പ് കുടിവെള്ള | ഓൺലൈൻ ട്രാൻസ്ഫർ, | 1000000 | 0 | 1000000 |

| | | | | | |
|---|---|---|---|---|---|
| | പദ്ധതി, 191/22 | 24.03.2022 | | | |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ രണ്ടാം ഘട്ടം, 420/2021-22 | RBI0922291013949 | 1209500 | 0 | 1209500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വർഷാരംഭത്തിൽതിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന നിർമ്മാണം | 225092 | - | 225092 | | 0 |
| ലൈഫ് മിഷൻ ഭവന നിർമ്മാണം | 2987730 | 160000 | 850667 | | 2297063 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ആഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തിയ്യതി |
|---|---|---|---|---|
| 2013-14 - 2014-15 | 3(3) | 1650 | ശ്രീ രതീഷ്, വാർഡ് മെമ്പർ, കോന്നി ഗ്രാമപഞ്ചായത്ത് | 121020106567 / 08.12.2021 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2001-02 | IV.3.2(1) | അധികമായി സാധനങ്ങൾ വാങ്ങിയതിന് നൽകിയ തുക അംഗീകരിക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| | IV.3.2(2) | വനിതാ സ്വയംതൊഴിൽ പദ്ധതി- അർഹതയില്ലാത്തവർക്ക് ധനസഹായം നൽകി | ടി |
| | IV.3.3(3) | പയ്യനാമൺ വേങ്ങതടിക്കൽ ലക്ഷംവീട് കോളനി റോഡ് ഉദ്ധാരണം - ക്രമക്കേട് | ടി |
| 2016-17 | 2014-15 2-1 | തൊഴിൽ നികുതി - അപാകതകൾ | -ടി |
| | 2015-16 2-5 | ടി- | ടി |
| | 2015-16 2-6 | ടി | ടി |

| | | | |
|---|---|---|---|
| 2018-19 | 2017-18<br>2-6 | ആധുനിക മത്സ്യ ചന്തയിലെ മത്സ്യ സ്റ്റാളുകൾ വ്യാപാരികൾ ഉപയോഗിക്കുന്നില്ല | ടി |

## 4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 145779352 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 96945188 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 39200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40534991/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-1 | | 39200 | ശ്രീ. ജയപാലൻ ആർ, സെക്രട്ടറി |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 2475000 | ജയപാലൻ ആർ, സെക്രട്ടറി |
| 1-23 | 528499 | ജയപാലൻ ആർ, സെക്രട്ടറി |
| 1-28 | 1000000 | ജയപാലൻ ആർ, സെക്രട്ടറി |
| 1-31 | 50000 | അജിത് കുമാർ എ ജി, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 4053499 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയപാലൻ ആർ, സെക്രട്ടറി | വിരമിച്ചു | ജയപാലൻ ആർ, സുകൃതം, കരീപ്ര, കുഴിമന്തിക്കാട് പി.ഓ, കൊല്ലം |
| അജിത് കുമാർ എ ജി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കോന്നി ഗ്രാമപഞ്ചായത്ത് | അജിത് കുമാർ എ ജി, ആനന്ദ ഭവൻ, മലയാലപ്പുഴ താഴം പി.ഒ, പത്തനംതിട്ട |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 9/363/2010 തീയതി 07-07-2010 | 8 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി2/125/1997തീയതി 06-02-1999 | 2 |
| 2001-02 (ഡി.സി.ബി& ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി2/818/2004തീയതി 13-06-2005 | 4 |
| 2002-03 (ഫുൾ) | എൽ.എഫ്.പി.റ്റി.എ-പി.2/184/2005 തീയതി 17-08-2005 | 6 |
| 2003-04 (ഫുൾ) | എൽ.എഫ്.പി.റ്റി.എ-പി.9/22/09- തീയതി 14-04-10/17-12-10 | 9 |
| 1996-97 (ഡി.സി.ബി& ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/465/08 തീയതി 31-10-2009 | 1 |
| 1997-98 (ഡി.സി.ബി& ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/466/08 തീയതി 30-11-2009 | |
| 1998-99 (ഡി.സി.ബി& ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/467/08 തീയതി 30-11-2009 | |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 09/468/08 തീയതി 02-06-2009 | |
| 2000-01 (ജന.ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 02/89/04 തീയതി 14-05-2004 | |
| 2001-02 (ജന.ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.2/88/2004തീയതി 12-07-2004 | |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.9/23/2009 തീയതി 08-06-2010/22-11-2010 | എല്ലാ ഖണ്ഡികകളും |
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 9/466/08 തീയതി 07-0710/04-03-11 | 1 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി 6/362/10 തീയതി 04-10-11/20-03-12 | എല്ലാ ഖണ്ഡികകളും |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി 6/369/10 തീയതി 07-10-11/20-03-12 | എല്ലാ ഖണ്ഡികകളും |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി 2/768/11തീയതി 06-12-11/03-07-12 | എല്ലാ ഖണ്ഡികകളും |
| 2008-09 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി 9/335/13 തീയതി 05-07-13 | 4 |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി 9/427/13 തീയതി 03-1013 | 6 |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി 9/1066/14 തീയതി | 6 |
| 2013-14 & 2014-15 | എൽ.എഫ്.പി.റ്റി.എ-പി 9/875/15 തീയതി 15.10.2015 | 6 |
| 2015-16 | കെ.എസ്.എ പി.റ്റി.എ.പി9-1381/2016 തീയതി16.01.2017 | 17 |
| 2016-17 | കെ.എസ്.എ പിറ്റിഎ.പി9-776/2017 തീയതി 04-07-2017 | 1 |

| | | |
|---|---|---|
| 2017-18 | നം.കെ.എസ്.എ.പിറ്റിഎ.പി9/1140/2018<br>തീയതി 4.8.2018 | 19 |
| 2018-19 | നം.കെ.എസ്.എ.പിറ്റിഎ.പി9/206/2020<br>തീയതി 7.5.2020 | 27 |
| 2019-20 | നം.കെ.എസ്.എ.പി.റ്റി.എ.പി9 - 664 /2021<br>തീയതി 21 .10.2021 | 13 |
| 2020-21 | നം.കെ.എസ്.എ.പി.റ്റി.എ.പി9/665/2021<br>തീയതി . 22.10.2021 | 16 |

ഡെപ്യൂട്ടി ഡയറക്ടർ
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്